*30-06-2026*
*Question Hour*

മി. സ്പീക്കർ: ഓർഡർ... ഓർഡർ... ചോദ്യം നമ്പർ (*121).

**വിദ്യാലയങ്ങളിൽ കായികാഭ്യാസങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി**

(*121) ശ്രീമതി രമ്യ ഹരിദാസ്:

ശ്രീ. ചാണ്ടി ഉമ്മൻ:

ശ്രീ. റോയി. കെ. പൗലോസ്:

ശ്രീ. എം. എം. നസീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ പാഠ്യപദ്ധതിയിൽ സ്പോർട്സ് പരിശീലനത്തിനും ആയോധന കലകൾ അഭ്യസിപ്പിക്കുന്നതിനും അർഹമായ പ്രാധാന്യം നൽകുമോ; വ്യക്തമാക്കാമോ;

(ബി) എല്ലാ വിദ്യാലയങ്ങൾക്കും ആവശ്യമായ തോതിൽ കളിക്കളം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; സ്പോർട്സ് ഹോസ്റ്റലുകളുടെ ഗുണനിലവാരം ഉയർത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(സി) കുട്ടികളുടെ മാനസികവും ശാരീരികവുമായ ആരോഗ്യത്തിനും അവരെ ലഹരി ഉപയോഗം പോലുള്ള ദുർനടപടികളിൽനിന്ന് അകറ്റി നിർത്തുന്നതിനും സ്കൂളുകളിൽ പ്രത്യേക കായിക പദ്ധതികൾ ആവിഷ്കരിക്കുമോ; വ്യക്തമാക്കാമോ?

കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പുമന്ത്രി (ശ്രീ. ഒ. ജെ. ജനീഷ്): സർ,

(എ) 2023-ലെ കേരള പാഠ്യപദ്ധതി ചട്ടക്കൂടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് സമഗ്രമായ പാഠ്യപദ്ധതി പരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ആരോഗ്യ കായിക വിദ്യാഭ്യാസവും സ്പോർട്സും നിർബന്ധിത പാഠ്യവിഷയമായി ഉൾപ്പെടുത്തിയിരിക്കുന്നു. എസ്.സി.ഇ.ആർ.ടി. കേരളയുടെ നേതൃത്വത്തിൽ പ്രൈമറി ക്ലാസുകളിലെ വിദ്യാർഥികൾക്കായി 'ഹെൽത്തി കിഡ്സ്' എന്ന പേരിൽ രണ്ട് കൈപ്പുസ്തകങ്ങൾ തയ്യാറാക്കി സംസ്ഥാനത്തെ എല്ലാ പൊതുവിദ്യാലയങ്ങളിലും വിതരണം

ചെയ്തിട്ടുണ്ട്. കൂടാതെ 5 മുതൽ 10 വരെ ക്ലാസുകളിലെ വിദ്യാർഥികൾക്കായി ഓരോ ക്ലാസിനും പ്രത്യേകം ആരോഗ്യ കായിക വിദ്യാഭ്യാസ ആക്ടിവിറ്റി ബുക്കുകളും തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്. ഈ ആക്ടിവിറ്റി ബുക്കുകളുടെ ഫലപ്രദമായ വിനിമയത്തിനായി അധ്യാപകർക്കായി പ്രത്യേക ഹാൻഡ് ബുക്കുകളും തയ്യാറാക്കിയിട്ടുണ്ട്.

നിലവിൽ നടപ്പിലാക്കിവരുന്ന ഹയർ സെക്കൻഡറി പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി ഹയർ സെക്കൻഡറി ഒന്നാം വർഷ വിദ്യാർഥികൾക്കായുള്ള ആരോഗ്യ കായിക വിദ്യാഭ്യാസ പാഠപുസ്തകം തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഹയർ സെക്കൻഡറി രണ്ടാം വർഷ പാഠപുസ്തകത്തിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതാണ്. 2026-27 അധ്യയന വർഷത്തിൽ ഒന്നു മുതൽ പന്ത്രണ്ട് വരെ ക്ലാസുകളിലെ ആരോഗ്യ കായിക വിദ്യാഭ്യാസ പാഠപുസ്തകങ്ങളിൽ ആയോധനകലകളുമായി ബന്ധപ്പെട്ട ഉള്ളടക്കങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. തായ്ക്വോണ്ടോ, ജൂഡോ, റെസ്ലിങ്, ബോക്സിങ്, കരാട്ടെ തുടങ്ങിയ കായിക ഇനങ്ങളാണ് നിലവിൽ പാഠ്യപദ്ധതിയുടെ ഭാഗമായുള്ളത്. ഇതിനുപുറമെ, കായിക യുവജനകാര്യ ഡയറക്ടറേറ്റിന്റെ നേതൃത്വത്തിൽ വനിതാ ശാക്തീകരണ പരിപാടികളുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ സ്റ്റുഡന്റ് പോലീസ് കേഡറ്റ് (SPC) വിദ്യാർഥികൾക്കും വിവിധ മാർഷൽ ആർട്സ് ഇനങ്ങളിൽ പ്രത്യേക പരിശീലനം നൽകിയിട്ടുണ്ട്. ഇതിനായി പ്രത്യേക പരിശീലന മോഡ്യൂളും ഹാൻഡ് ബുക്കും തയ്യാറാക്കി പുറത്തിറക്കിയിട്ടുണ്ട്. കൂടാതെ, കായിക യുവജനകാര്യ ഡയറക്ടറേറ്റും പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ കായിക വിഭാഗവും സംയുക്തമായി സംസ്ഥാനത്തെ മുഴുവൻ കായിക അധ്യാപകർക്കും വിവിധ മാർഷൽ ആർട്സ് ഇനങ്ങളുമായി ബന്ധപ്പെട്ട പ്രത്യേക പരിശീലന പരിപാടികൾ ഉറപ്പാക്കിയിട്ടുണ്ട്.

(ബി) KER (കേരള എഡ്യൂക്കേഷൻ റൂൾസ്) Chapter IV Rule 3(2) പ്രകാരം ഓരോ സ്കൂളിലും കായിക വിനോദങ്ങൾക്കും കായിക പരിശീലനത്തിനുമായി അനുയോജ്യമായ കളിസ്ഥലവും മതിയായ തുറസ്സായ സ്ഥലവും ഉണ്ടായിരിക്കണമെന്നാണ് വ്യവസ്ഥ. സ്കൂൾ സ്ഥാപിക്കുന്നതിനും അതിന് അംഗീകാരം ലഭിക്കുന്നതിനും കെട്ടിടത്തോടൊപ്പം തന്നെ കളിസ്ഥലവും നിർബന്ധമാണ്. വിദ്യാഭ്യാസത്തിന് എത്രത്തോളം പ്രാധാന്യമുണ്ടോ

അത്രത്തോളം തന്നെ പ്രാധാന്യം കായിക വിനോദങ്ങൾക്കും നൽകണമെന്ന KER Chapter IV Rule 3(2)-ലെ വ്യവസ്ഥ പാലിക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കുന്നുണ്ട്. നിലവിൽ കായിക യുവജനകാര്യ ഡയറക്ടറേറ്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന രണ്ട് സ്പോർട്സ് സ്കൂളുകളിലും ഒരു സ്പോർട്സ് ഡിവിഷനിലും ആവശ്യമായ കളിസ്ഥല സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. കൂടാതെ സംസ്ഥാന സർക്കാരിന്റെ "ഒരു പഞ്ചായത്തിൽ ഒരു കളിക്കളം" പദ്ധതിയുടെയും വിവിധ എം.എൽ.എ. ഫണ്ട് പദ്ധതികളുടെയും ഭാഗമായി മറ്റ് നിരവധി സ്കൂളുകളിലും കളിസ്ഥലങ്ങൾ നിർമ്മിക്കുകയും നവീകരിക്കുകയും ചെയ്തുവരുന്നു. കായിക യുവജനകാര്യ ഡയറക്ടറേറ്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന രണ്ട് സ്പോർട്സ് സ്കൂളുകളിലും ഒരു സ്പോർട്സ് ഡിവിഷനിലും വിദ്യാർഥികളുടെ സുരക്ഷ, ക്ഷേമം, പരാതിപരിഹാരം എന്നിവ ഉറപ്പാക്കുന്നതിനായി മൂന്ന് കമ്മിറ്റികൾ രൂപീകരിച്ചിട്ടുള്ളതാണ്. പ്രസ്തുത കമ്മിറ്റികൾ നിശ്ചിത ഇടവേളകളിൽ യോഗം ചേരുകയും ഹോസ്റ്റലുകളുടെ പ്രവർത്തനങ്ങൾ കൃത്യമായി നിരീക്ഷിക്കുകയും വിലയിരുത്തുകയും ചെയ്തുവരുന്നു. കൗൺസിലിന്റെ നിയന്ത്രണത്തിൽ 28 ജില്ലാ സ്പോർട്സ് അക്കാഡമികളും 41 കോളേജ് സ്പോർട്സ് അക്കാഡമികളും 13 സ്കൂൾ സ്പോർട്സ് അക്കാഡമികളും പ്രവർത്തിച്ചുവരുന്നു. ഹോസ്റ്റലിലെ കായിക താരങ്ങൾക്ക് ബോർഡിങ്, ലോഡ്ജിങ് ചാർജ്ജായി പ്രതിമാസം 250/- രൂപ അനുവദിച്ചുവരുന്നു. കൂടാതെ ഇവരുടെ ചികിത്സാ ചെലവുകൾ, മത്സരങ്ങളിൽ പങ്കെടുക്കുന്നതിനുള്ള യാത്രാബത്ത/ദിനബത്ത എന്നിവ കൗൺസിൽ വഹിക്കുന്നു. കൗൺസിൽ പരിശീലകരുടെ നേതൃത്വത്തിൽ ഇവർക്ക് പരിശീലനം നൽകിവരുന്നു. പ്രസ്തുത ഹോസ്റ്റലുകളിലെ പരിശീലനത്തിന് ആവശ്യമായ കായിക ഉപകരണങ്ങൾ, കായിക താരങ്ങൾക്കുള്ള കിറ്റ് എന്നിവയും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നൽകിവരുന്നു. സ്പോർട്സ് അക്കാദമികളുടെ പ്രവർത്തനവും സൗകര്യവും കൂടുതൽ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(സി) കുട്ടികളിൽ സമഗ്ര ആരോഗ്യകരമായ ജീവിതശൈലി, ശാരീരികക്ഷമത, ആരോഗ്യബോധം എന്നിവ വളർത്തിയെടുക്കുന്നതിനായി കായിക യുവജനകാര്യ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് "ഹെൽത്തി കിഡ്സ്". ആരോഗ്യകരമായ ഭക്ഷണശീലം,

സ്ഥിരമായ ശാരീരിക വ്യായാമം, കായിക പ്രവർത്തനങ്ങളിലെ സജീവ പങ്കാളിത്തം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവുമായ ആരോഗ്യം മെച്ചപ്പെടുത്തുകയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. കൂടാതെ ആത്മവിശ്വാസം, സംഘബോധം, നേതൃത്വപാടവം, സാമൂഹിക ഉത്തരവാദിത്വബോധം എന്നിവ വളർത്തുന്നതിനും അക്കാദമിക പ്രകടനം മെച്ചപ്പെടുത്തുന്നതിനും പദ്ധതി സഹായകരമാണ്. നിലവിൽ സംസ്ഥാനത്തെ 55 സ്കൂളുകളിൽ പദ്ധതി വിജയകരമായി നടപ്പിലാക്കിവരുന്നു. ഓരോ സ്കൂളിലും കുറഞ്ഞത് ഒരു കായിക ഇനമെങ്കിലും പ്രോത്സാഹിപ്പിക്കുകയും പരിശീലനത്തിനും മത്സരങ്ങൾക്കും ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുകയും ചെയ്യുന്ന "ഒരു സ്കൂളിൽ ഒരു ഗെയിം പദ്ധതി" നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളതാണ്. ഇതിലൂടെ വിദ്യാർഥികളുടെ കായിക പങ്കാളിത്തം വർധിപ്പിക്കുന്നതിനും സ്കൂൾ തലത്തിൽ കായിക മികവ് വളർത്തുന്നതിനും ലക്ഷ്യമിടുന്നു.

കുട്ടികളുടെ കായിക മേഖലയിലെ കഴിവുകൾ വളരെ ചെറുപ്പത്തിലെ തന്നെ കണ്ടെത്തി വികസിപ്പിക്കുന്നതിനായി അടിസ്ഥാനതലത്തിൽ ചുവടെ ചേർത്തിരിക്കുന്ന ആറ് കായിക ഇനങ്ങളിൽ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

i. ബോക്സിങ്ങിനായി - PUNCH (പഞ്ച്)
ii. ജൂഡോയ്ക്കായി - JUDOKKA(ജൂഡോക്ക)
iii. നീന്തൽ പരിശീലനത്തിനായി - SPLASH (സ്പ്ലാഷ്)
iv. ഫുട്ബോളിനായി - GOAL (ഗോൾ)
v. ബാസ്കറ്റ്ബോളിനായി - HOOPS (ഹൂപ്സ്)
vi. അത്‌ലറ്റിക്സിനായി - SPRINT (സ്പ്രിന്റ്)

ഇതുകൂടാതെ തായ്ക്വോണ്ടോ ഇനത്തിലും പുതിയ പദ്ധതി ആവിഷ്കരിക്കുന്നുണ്ട്.

കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള ആരോഗ്യ കായിക വിദ്യാഭ്യാസ പഠനം വരുംതലമുറയെ ലഹരി എന്ന മാരക വിപത്തിൽനിന്ന് രക്ഷിക്കാനുള്ള ശക്തമായൊരു പ്രതിരോധ കവചം കൂടിയാണ്. "കായികം ആണ് ലഹരി" എന്ന മഹത്തായ ആശയം മുൻനിർത്തി വിഭാവനം ചെയ്തിട്ടുള്ള ഈ പാഠ്യപദ്ധതി കുട്ടികളുടെ ശാരീരിക-

മാനസിക ഊർജത്തെ സർഗ്ഗാത്മകമായി വഴിതിരിച്ചുവിടാൻ ലക്ഷ്യമിടുന്നു. കാലുകൾക്ക് നല്ല വേഗവും കൈകൾക്ക് നല്ല കരുത്തും മനസ്സിന് നല്ല ഊർജവുമുള്ള പ്രായത്തിൽ കുട്ടികളെ ഓടിക്കളിക്കാനനുവദിക്കാതെ തളച്ചിടുന്നത് അവരുടെ വ്യക്തിത്വത്തെ ദോഷകരമായി ബാധിക്കും. ഇത് ആരോഗ്യകരമായ കായിക വിദ്യാഭ്യാസം നൽകുന്നതിലൂടെ പരിഹരിക്കാൻ കഴിയും.

ലഹരിയുടെ ദൂഷ്യഫലങ്ങളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്നതിനായി "നോ ടു ഡ്രഗ്സ്" ക്യാമ്പയിനുകൾ, മാസ്സ് കായിക ഡിസ്പ്ലേകൾ, റോൾപ്ലേകൾ, നാടകങ്ങൾ, കായിക ക്വിസുകൾ തുടങ്ങിയ നിരവധി പ്രവർത്തനങ്ങൾ പാഠ്യപദ്ധതിയുടെ ഭാഗമാണ്. കായിക മേളകളോടും ആരോഗ്യ കായിക വിദ്യാഭ്യാസ പീരിയഡുകളോടും അനുബന്ധിച്ച് ലഹരിവിരുദ്ധ പ്രതിജ്ഞകളും റാലികളും ഉൾപ്പെടെയുള്ള നിരവധി പ്രവർത്തനങ്ങൾ നടത്തുക എന്നതും പാഠ്യപദ്ധതിയുടെ ഭാഗമാണ്. കുട്ടികൾക്ക് വലിയൊരു പ്രചോദനമാകുന്ന നിലയിൽ പ്രാദേശികമായോ സംസ്ഥാന, ദേശീയ തലത്തിലോ ശ്രദ്ധേയരായ കായിക താരങ്ങളെ സ്കൂളുകളിൽ എത്തിച്ച്, അവരുടെ ജീവിത വിജയത്തിന്റെ കഥകൾ കുട്ടികളുമായി പങ്കുവക്കുക എന്നതും പാഠ്യപദ്ധതിയുടെ ഭാഗമാക്കിയിട്ടുണ്ട്.

<u>ശ്രീമതി രമ്യ ഹരിദാസ്</u>: സർ, നമ്മുടെ നാട്ടിലെ കുട്ടികൾ മെസ്സിയുടെയും നെയ്മറിന്റെയും ക്രിസ്റ്റ്യാനോ റൊണാൾഡോയുടെയും എംബാപ്പെയുടെയുമൊക്കെ ആരാധകരായി മാത്രം ഒതുങ്ങേണ്ടവരല്ല. ലോകകപ്പ് ഫുട്ബോളിൽ ഇന്ത്യയ്ക്കും പ്രാതിനിധ്യം വേണമെന്നുള്ളത് നമ്മുടെയൊക്കെ ആഗ്രഹമാണ്. അതിന് നമ്മുടെ സ്കൂളുകളിൽ കായിക വകുപ്പിന്റെ സഹകരണത്തോടെ കൃത്യമായ പദ്ധതികൾ നടപ്പാക്കണം. കേരളത്തിലെ സ്കൂളുകളിൽ എൽ.പി. മുതൽ ഹയർ സെക്കൻഡറി തലംവരെ പഠിക്കുന്ന കുട്ടികൾക്ക് ഒരു കായിക അധ്യാപകൻ മാത്രമാണുള്ളത്. കായിക വകുപ്പും വിദ്യാഭ്യാസ വകുപ്പും സംയുക്തമായി എൽ.പി., ഹയർ സെക്കൻഡറി തലങ്ങളിൽ കൂടുതൽ കായിക അധ്യാപകരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ഒ. ജെ. ജനീഷ്</u>: സർ, കായിക അധ്യാപകരുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കുന്നതാണ്.

*30-06-2026*
*Question Hour*

ശ്രീമതി രമ്യ ഹരിദാസ്: സർ, സ്കൂളുകളിൽ, പ്രത്യേകിച്ച് ഗ്രാമീണ മേഖലയിലെ സ്കൂളുകളിൽ കായിക പരിശീലനത്തിന് സൗകര്യങ്ങൾ കുറവാണ്. ചിറയിൻകീഴ് നിയോജകമണ്ഡലം സ്വദേശിയായ ദേശീയ ഫുട്ബോൾ താരം ശ്രീജിത്തിനെ പോലെ നിരവധി പ്രതിഭകൾ കേരളത്തിൽ അങ്ങോളമിങ്ങോളമുണ്ട്. ഗ്രാമങ്ങളിലെ സ്കൂളുകൾക്കും വിദ്യാർത്ഥികൾക്കും മെച്ചപ്പെട്ട സൗകര്യം ലഭ്യമാക്കുന്നതിനുള്ള പദ്ധതി കായിക വകുപ്പ് നടപ്പിലാക്കുമോ?

ശ്രീ. ഒ. ജെ. ജനീഷ്: സർ, നിലവിൽ "ഒരു പഞ്ചായത്തിൽ ഒരു കളിക്കളം" (OPOP) എന്ന പദ്ധതിയുടെ ഭാഗമായി സ്കൂളുകളിലും പ്രാദേശികമായും കായിക മേഖലയിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് പദ്ധതികളുണ്ട്. കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നത് സംബന്ധിച്ച് ആലോചിക്കാം.

ശ്രീ. ചാണ്ടി ഉമ്മൻ: സർ, "ഒരു പഞ്ചായത്തിൽ ഒരു കളിക്കളം" എന്ന പദ്ധതി എത്ര ശതമാനം പൂർത്തിയായി എന്ന് പറയാൻ സാധിക്കുമോ; അത് എങ്ങനെ പരിഷ്കരിച്ച് മുന്നോട്ടുപോകും; സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾ നല്ല കളിക്കാരാണെങ്കിൽ അവർക്ക് എങ്ങനെ പ്രോത്സാഹനം കൊടുക്കാം; അവരെ എങ്ങനെ പിന്തുണയ്ക്കാം?

ശ്രീ. ഒ. ജെ. ജനീഷ്: സർ, "ഒരു പഞ്ചായത്തിൽ ഒരു കളിക്കളം" പദ്ധതിയുടെ ഭാഗമായി 50 ശതമാനം പണം എം.എൽ.എ., എം.പി. ആസ്തിവികസന ഫണ്ട്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഇതര സി.എസ്.ആർ. ഫണ്ടുകളിൽനിന്നും 50 ശതമാനം കായിക വകുപ്പിന്റെ പ്ലാൻ ഫണ്ടിൽനിന്നുമാണ് അനുവദിക്കുന്നത്. ഇതിന്റെ ഓപ്പറേഷനുമായി ബന്ധപ്പെട്ട് ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിങ് പ്രൊസീഡ്യുവർ (SOP) സർക്കാർ പുറപ്പെടുവിക്കുകയും അതിന്റെ ഭാഗമായി പ്രവർത്തനങ്ങൾ മുന്നോട്ടുപോകുകയും ചെയ്യുന്നുണ്ട്. നിലവിൽ 124 കളിസ്ഥലങ്ങൾ മാത്രമാണ് ആദ്യഘട്ടത്തിൽ കണ്ടെത്താൻ കഴിഞ്ഞത്. 04-02-2026-ലെ സർക്കാർ ഉത്തരവ് പ്രകാരം 30 കളിസ്ഥലങ്ങളും 15-03-2026-ലെ സർക്കാർ ഉത്തരവ് പ്രകാരം 36 കളിസ്ഥലങ്ങളും കൂട്ടിച്ചേർക്കുകയുണ്ടായി. ആകെ 190 കളിസ്ഥലങ്ങൾ മാത്രമാണ് ഇതുവരെ ഐഡന്റിഫൈ ചെയ്തിട്ടുള്ള കളിസ്ഥലങ്ങളുടെ പട്ടികയിലുള്ളത്.

നിലവിൽ 27 കളിസ്ഥലങ്ങൾ മാത്രമാണ് പൂർത്തിയായിട്ടുള്ളത്. പദ്ധതി ലക്ഷ്യം വയ്ക്കുന്നതിന്റെ 5 ശതമാനം മാത്രമാണ് എത്തിച്ചേർന്നിട്ടുള്ളത്. പദ്ധതി കൂടുതൽ വിപുലവും കാര്യക്ഷമവുമായി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ സർക്കാർ ആലോചിക്കുന്നുണ്ട്. കൂടാതെ ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം എന്ന രീതിയിലേക്ക് വരുമ്പോൾ പ്രാദേശികമായി ഗ്രൗണ്ടുകളുടെ ലഭ്യത ഗുണകരമാകും. പൊതുവിൽ ഗ്രൗണ്ടുകൾ പുരുഷന്മാർക്ക് മാത്രമുള്ളതാണെന്ന ഒരു ബോധ്യം നമ്മുടെ സമൂഹത്തിലുണ്ട്. പലപ്പോഴും അടിസ്ഥാന സൗകര്യങ്ങളുടെ അഭാവമാണ് ഗ്രൗണ്ടുകളിൽ സ്ത്രീകളുടെ സാന്നിധ്യം കുറയ്ക്കുന്നത്. അതുകൊണ്ടുതന്നെ "ഒരു പഞ്ചായത്തിൽ ഒരു കളിക്കളം" പദ്ധതി മുന്നോട്ട് കൊണ്ടുപോകുമ്പോൾ സ്ത്രീകൾക്കും മറ്റെല്ലാവർക്കും പങ്കെടുക്കാൻ കഴിയുന്ന തരത്തിൽ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതോടൊപ്പം ഫ്ലഡ് ലൈറ്റുകൾ സ്ഥാപിക്കുന്ന കാര്യംകൂടി സർക്കാർ ആലോചിക്കുന്നുണ്ട്. വൈകുന്നേരങ്ങളിൽ അഞ്ചു മണി മുതൽ രാത്രി പത്തുമണി വരെ നീണ്ടുനിൽക്കുന്ന രീതിയിൽ കളിസ്ഥലങ്ങൾ ഉപയോഗിക്കാൻ കഴിഞ്ഞാൽ അത് ലഹരിക്കെതിരെ ഒരു പ്രചാരണ മാർഗമായി മാറും. ചെറുപ്പക്കാർ കൂടുതൽ എൻഗേജ്ഡ് ആവുന്നതോടുകൂടി കായികത്തിനു പുറമെ ഒരു നൈറ്റ് ലൈഫ് സംവിധാനമായി കൂടി അത് മാറും. ഏതെങ്കിലും പ്രദേശത്ത് ഒരു തട്ടുകടയോ ചായക്കടയോ തുടങ്ങി കുറെ ചെറുപ്പക്കാർ വന്ന് ചായ കുടിച്ച് നിൽക്കുന്നതല്ല, മറിച്ച് പകൽ എങ്ങനെയാണോ ആളുകൾ എൻഗേജ്ഡ് ആവുന്നത് അതുപോലെ വൈകുന്നേരങ്ങളിലും രാത്രികളിലും എൻഗേജ്ഡ് ആവാൻ സാധിച്ചാൽ, ഗ്രൗണ്ടുകൾ അത്തരത്തിൽ ഉപയോഗിക്കാൻ സാധിച്ചാൽ നമ്മുടെ നാട്ടിൻപുറങ്ങളിലെ ചെറുപ്പക്കാർക്ക് കായിക മേഖലയിൽ ഉയർന്നുവരാനുള്ള സാഹചര്യമുണ്ടാകും.

<u>ശ്രീ. റോയി കെ. പൗലോസ്</u>: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ കാര്യങ്ങളോടെല്ലാം ഞാൻ യോജിക്കുന്നു. സ്കൂളിൽ പാഠപുസ്തകങ്ങളെല്ലാം ഉണ്ട്, പക്ഷേ ആവശ്യത്തിന് അധ്യാപകരില്ല എന്ന പരാതി നിലനിൽക്കുന്നു. മറ്റൊന്ന് KER ചട്ടപ്രകാരമുള്ള ഭൂമി 20 ശതമാനത്തിൽ താഴെയുള്ള സ്കൂളുകളിൽ മാത്രമേയുള്ളൂ. അതിന്റെ ഗുണനിലവാരം പരിശോധിക്കാൻ കമ്മിറ്റിയുണ്ടെന്ന് പറഞ്ഞു. ആ കമ്മിറ്റികളുടെ പ്രവർത്തനം

പരിശോധിക്കണമെന്ന് അഭ്യർഥിക്കുന്നു. സ്പോർട്സ് വിഷയങ്ങൾക്ക് പത്താം ക്ലാസിൽ ഒരു ബാച്ച് അരമണിക്കൂറും ഹയർ സെക്കൻഡറിയിൽ 45 മിനിറ്റുമാണുള്ളത്. പലപ്പോഴും അധ്യാപകരില്ലാത്തുകൊണ്ട് സ്പോട്സിന്റെ വിഭാഗം മറ്റ് അധ്യാപകരമാണ് ക്ലാസെടുക്കുന്നത്. ഇക്കാര്യങ്ങൾ പരിശോധിക്കാമോ?

ശ്രീ. ഒ. ജെ. ജനീഷ്: സർ, ബഹുമാനപ്പെട്ട അംഗം പരാമർശിച്ച വിഷയങ്ങൾ പരിശോധിക്കുന്നതാണ്.

ശ്രീ. എം. എം. നസീർ: സർ, എല്ലാ സ്കൂളുകളിലും കായിക പരിശീലനത്തിന് പ്രത്യേക പീരിയഡുകൾ ഉണ്ടെന്ന് ഉറപ്പുവരുത്തുമോ; പ്രസ്തുത പീരിയഡുകൾ സ്പോർട്സ്-ഇതര വിഷയങ്ങൾക്കായി മാറ്റുന്ന സ്കൂളുകൾക്കെതിരെ നടപടി സ്വീകരിക്കുമോ?

ശ്രീ. ഒ. ജെ. ജനീഷ്: സർ, കായിക പരിശീലനത്തിനായി മാറ്റിവയ്ക്കപ്പെട്ട പീരിയഡുകൾ മറ്റ് വിഷയങ്ങൾക്കുവേണ്ടി ഏറ്റെടുക്കുന്ന അല്ലെങ്കിൽ അധ്യാപകർ കൈയേറുന്ന എന്ന പരാതി പലപ്പോഴും വിദ്യാർഥികൾ പങ്കുവയ്ക്കാറുണ്ട്. ആ വിഷയത്തിൽ കൃത്യമായ നിർദേശം സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകും. കായിക പരിശീലനം മറ്റ് വിഷയങ്ങൾ പോലെതന്നെ പ്രാധാന്യമുള്ള ഒരു വിഷയമായി പരിഗണിക്കേണ്ടതാണ് എന്നതന്നെയാണ് സർക്കാരിന്റെ നിലപാട്.

ശ്രീ. കെ. കെ. രാമചന്ദ്രൻ: സർ, സംസ്ഥാനത്ത് "ഒരു പഞ്ചായത്തിൽ ഒരു കളിക്കളം" എന്ന പദ്ധതിയിലുൾപ്പെടുത്തി കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് നിരവധി ഗ്രൗണ്ടുകൾ നവീകരിക്കുന്നതിനും നിർമ്മാണം നടത്തുന്നതിനും വേണ്ടിയുള്ള പദ്ധതികളും തുകയും അനുവദിക്കപ്പെട്ടിട്ടുണ്ട്. പുതുക്കാട് നിയോജകമണ്ഡലത്തിൽ സർക്കാർ ഹൈസ്കൂൾ നന്തിക്കര, വല്ലച്ചിറ പഞ്ചായത്ത് മിനി ഗ്രൗണ്ട്, സർവോദയ ഹൈസ്കൂൾ ഗ്രൗണ്ട്-തൃക്കൂർ തുടങ്ങിയവയുടെ നിർമ്മാണത്തിനുവേണ്ടി ഫണ്ട് അനുവദിച്ചിട്ടും ഇതിന്റെ നിർമ്മാണ പുരോഗതി കാര്യക്ഷമമല്ല. ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കായിക വകുപ്പിന്റെ നിയന്ത്രണത്തിലും കായിക വകുപ്പ് മുഖേന നടപ്പിലാക്കുന്നതുമായ ഈ പദ്ധതി കാര്യക്ഷമമായും കാലതാമസം കൂടാതെയും നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

*30-06-2026*
*Question Hour*

ശ്രീ. ഒ. ജെ. ജനീഷ്: സർ, നിലവിൽ 190 കളി സ്ഥലങ്ങളാണ് ഈ പദ്ധതിയുടെ ഭാഗമായി ഐഡന്റിഫൈ ചെയ്തത്. അതിൽ പ്രവൃത്തി പൂർത്തീകരിച്ചത് 27 ഇടങ്ങളിൽമാത്രമാണ്. കരാർ ഒപ്പുവച്ചത് 72 ഇടങ്ങളിലും ടെൻഡർ ക്ഷണിച്ചിട്ടുള്ളത് 48 ഇടങ്ങളിലും ഭരണാനുമതിക്കായി എ.എസ്. സമർപ്പിച്ചത് 20 ഇടങ്ങളിലും എസ്റ്റിമേറ്റ് തയ്യാറാക്കൽ പുരോഗമിക്കുന്നത് 23 ഇടങ്ങളിലുമാണ്. കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ ആകെ ഈ പദ്ധതിയുടെ പ്രവർത്തനം പത്ത് ശതമാനത്തിലേക്കുമാത്രമാണ് എത്തിച്ചേർന്നിട്ടുള്ളത്. അതുപോരാ എന്നുതന്നെയാണ് ഗവൺമെന്റിന്റെ നിലപാട്. വളരെ വേഗത്തിൽതന്നെ ഈ പദ്ധതിയുമായി ബന്ധപ്പെട്ട് പരമാവധി ഇടങ്ങളിലേക്ക് ഈ പദ്ധതിയുടെ ഗുണം ജനങ്ങൾക്ക് ലഭ്യമാക്കുന്ന രീതിയിൽ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. എം. വിൻസെന്റ്: സർ, മയക്കുമരുന്നിന് എതിരായി ഓപ്പറേഷൻ ശുഫാൻ ഉൾപ്പെടെയുള്ള അതിശക്തമായ പോരാട്ട പരിപാടികൾക്ക് സംസ്ഥാന ഗവൺമെന്റ് നേതൃത്വം നൽകുന്ന ഈ സന്ദർഭത്തിൽ ചെറുപ്പക്കാർക്കിടയിൽ കായികാഭിരുചി വളർത്തുന്നതിനായി സമഗ്രമായ പദ്ധതികൾ ആവശ്യമാണ്. നിലവിൽ സ്കൂളുകളിലും കോളേജുകളിലും ഗ്രൗണ്ടുകളുണ്ട്. ആ കോളേജുകളിലെയും സ്കൂളുകളിലെയും കുട്ടികൾ മാത്രമാണ് ഗ്രൗണ്ട് ഉപയോഗിക്കുന്നത്. സ്കൂൾ, കോളേജ് സമയം കഴിഞ്ഞാൽ മറ്റുള്ള കായിക പ്രേമികൾക്കുകൂടി അതുപയോഗിക്കാനുള്ള അവസരമുണ്ടായാൽ നൂറുകണക്കിന് ഗ്രൗണ്ടുകൾ ഒറ്റ സ്ട്രെച്ചിൽ നമുക്ക് ലഭിക്കും. ഇപ്പോൾ പുതിയ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് സ്ഥലപരിമിതി വലിയ തടസ്സമായി നിൽക്കുകയാണ്. അത് പരിഹരിക്കാനും കഴിയും. ഇത്തരം സ്റ്റേഡിയങ്ങൾ/ഗ്രൗണ്ടുകൾക്ക് സർക്കാർ വാർഷിക മെയിന്റനൻസ് ഗ്രാന്റ് നൽകിയാൽ സംസ്ഥാനത്ത് ഒരേസമയം നൂറുകണക്കിന് ഗ്രൗണ്ടുകൾ നിർമ്മിക്കാനും കഴിയും. അതിനുവേണ്ട നടപടികൾ സർക്കാർ സ്വീകരിക്കുമോ?

ശ്രീ. ഒ. ജെ. ജനീഷ്: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് വളരെ പ്രധാനപ്പെട്ടൊരു കാര്യം കൂടിയാണ്. പല സ്കൂളുകളിലും ഒരുപാട് ഗ്രൗണ്ടുകളുണ്ട്. പ്രാദേശികമായി മുൻകാലങ്ങളിൽ ലഭ്യമായിട്ടുള്ള ഗ്രൗണ്ടുകൾ എല്ലാംതന്നെ സ്കൂളുകളുടേതാണ്.

പക്ഷെ, സമീപകാലങ്ങളിൽ പല സ്കൂളുകളും അഞ്ച് മണിക്കുശേഷം പൊതുസമൂഹത്തിന് പ്രവേശിക്കാൻ കഴിയാത്ത രീതിയിൽ അടച്ചിടുന്നതിന്റെ ഭാഗമായി വലിയ പരാതികൾ ഉയർന്നുവരുന്നുണ്ട്. നിലവിൽ 'ഒരു പഞ്ചായത്തിൽ ഒരു കളിക്കളം' എന്ന പദ്ധതിയുടെ ഭാഗമായി നമ്മൾ അനുവദിക്കുന്ന സ്കൂളുകളെ സംബന്ധിച്ച് സ്കൂളുകളുടെ നടത്തിപ്പിനും അതിന്റെ പരിപാലനത്തിനും തടസ്സം വരാത്തരീതിയിൽ ഒരു എം.ഒ.യു. ഒപ്പുവയ്ക്കുകയും, പൊതുസമൂഹത്തിന് കൂടി ഉറപ്പുവരുത്താവുന്ന രീതിയിലാണ് കാര്യങ്ങളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് മുന്നോട്ടുപോകുന്നത്. മറ്റിടങ്ങളിൽകൂടി സ്കൂളുകളുടെയും കോളേജുകളുടെയും ഗ്രൗണ്ടുകൾ അവയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് പ്രയാസം വരാത്ത രീതിയിൽ പൊതുസമൂഹത്തിന് ഉപയോഗിക്കാൻ കഴിയുന്ന തരത്തിലേക്കുള്ള ഒരു ഇടപെടൽ മറ്റ് ബന്ധപ്പെട്ട വകുപ്പുമായി കൂടിയാലോചിച്ച് ചെയ്യുന്നതാണ്.

<u>ശ്രീ. വി. ജോയി</u>: സർ, സ്കൂൾ പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട് സ്പോർട്സിന്റെ പങ്ക് അങ്ങ് വളരെ വിശദമായി മറുപടിയിൽ വ്യക്തമാക്കിയിരുന്നു. 'വൺ സ്കൂൾ വൺ ഗെയിം' എന്ന ഒരു പ്രൊപ്പോസൽ അങ്ങ് മുന്നോട്ട് വച്ചിരുന്നു. ഇതിന്റെ മോണിറ്ററിങ് എങ്ങനെ നടത്താൻ സാധിക്കും; കായിക അധ്യാപകരുടെ കുറവ് പരിഗണിച്ച് കേരള സ്പോർട്സ് കൗൺസിലിന് (Kerala State Sports Council) ട്രെയിനർമാരെ സ്കൂളുകളിലേക്ക് നിയോഗിക്കാൻ സാധിക്കുമോ?

<u>ശ്രീ. ഒ. ജെ. ജനീഷ്</u>: സർ, 'വൺ സ്കൂൾ വൺ ഗെയിം' പദ്ധതി പൊതുവെ ഒരു സ്കൂളിൽ എത്ര വിദ്യാർഥികളാണ് ഓരോ ഇവന്റിലും പങ്കെടുക്കുന്നതെന്നും ആ പ്രദേശത്തെ വിദ്യാർഥികൾ കൂടുതലായി എൻഗേജ് ചെയ്യുന്ന കായിക ഇനം കൂടി പരിശോധിച്ചുമാണ് ആ തീരുമാനം എടുക്കേണ്ടത്. മാത്രമല്ല, അവരുടെ മികവ് പുലർത്തുന്ന രീതിയിലേക്ക് അവർക്ക് പരിശീലനം കൊടുക്കുക എന്നുള്ളതും പിന്നീട് അവരെ ഡ്രൈവ് ചെയ്യാൻ കഴിയുന്ന രീതിയിലേക്കാണ് ആ പദ്ധതി ആവിഷ്കരിക്കപ്പെട്ടിട്ടുള്ളത്. പരിശീലകരുടെ അഭാവമുണ്ടെന്ന് നേരത്തെ സൂചിപ്പിച്ചതാണ്. കായിക വകുപ്പിനെ നേരിട്ട് നിയമിക്കാൻ കഴിയുന്ന സ്ഥലങ്ങളിൽ അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചെയ്യുകയും മറ്റ് വകുപ്പുമായി

ബന്ധപ്പെട്ട കാര്യങ്ങളിൽ കൂടിയാലോചനയ്ക്കുശേഷം സർക്കാർ ഒരു തീരുമാനം എടുക്കുന്നതുമാണ്.

ശ്രീ. മാണി സി. കാപ്പൻ: സർ, സംസ്ഥാന-ജില്ലാ സ്കൂൾ കലാ-കായിക മത്സരങ്ങളിൽ നിലവിൽ സ്റ്റേറ്റ് സിലബസിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മാത്രമാണ് പങ്കെടുക്കാൻ അവസരമുള്ളത്. സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സിലബസുകളിൽ പഠിക്കുന്ന വിദ്യാർഥികൾക്കും ഈ മത്സരങ്ങളിൽ പങ്കെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ഒ. ജെ. ജനീഷ്: സർ, ഈ വിഷയം പരിശോധിച്ചശേഷം മറുപടി നൽകുന്നതാണ്.

ശ്രീ. പി. എം. എ. സമീർ: സർ, സ്ഥലപരിമിതിയാണ് സ്കൂളുകളിൽ കായിക സൗകര്യങ്ങൾ ഒരുക്കുന്നതിന് പ്രധാന തടസ്സമായി നിലനിൽക്കുന്നത്. നിലവിലുള്ള സ്കൂൾ കെട്ടിടങ്ങളിൽ, പ്രത്യേകിച്ച് കോൺക്രീറ്റ് കെട്ടിടങ്ങളുടെ റൂഫ്ടോപ്പിൽ, അനുയോജ്യമായ രീതിയിൽ കായിക സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ?

ശ്രീ. ഒ. ജെ. ജനീഷ്: സർ, അത് നല്ല നിർദേശമാണ്. എന്നാൽ സ്കൂളുകളുടെ സുരക്ഷയും ഫിറ്റ്നെസ്സും വിദ്യാർഥികളുടെ സുരക്ഷയും കൂടി പരിശോധിച്ചശേഷം മാത്രമേ അത്തരം വിഷയത്തിൽ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ.

ശ്രീ. സി. ആർ. മഹേഷ്: സർ, കായിക മത്സരങ്ങളിൽ പങ്കെടുത്ത് മാരകമായി പരിക്കുപറ്റുന്ന സ്കൂൾ കായികതാരങ്ങൾക്ക് ഇപ്പോൾ വകുപ്പിൽനിന്നും ധനസഹായം ലഭ്യമാണോ; ഇല്ലെങ്കിൽ അവർക്ക് ചികിത്സാ ധനസഹായം അനുവദിക്കുവാൻ അങ്ങ് ഇടപെടുമോ?

ശ്രീ. ഒ. ജെ. ജനീഷ്: സർ, ചികിത്സാ ധനസഹായവുമായി ബന്ധപ്പെട്ട് കായികവകുപ്പിന്റെ ഭാഗത്തുനിന്ന് അനുകൂലമായ സമീപനം സ്വീകരിക്കുന്നതാണ്.

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ചെസ് ഒരു ഗെയിം മാത്രമല്ല, ചിന്താശേഷിയും ഏകാഗ്രതയും ആത്മനിയന്ത്രണവും വർധിപ്പിക്കുന്ന മാനസിക

പരിശീലനം കൂടിയാണ്. ലോക കായിക മേഖല പരിശോധിച്ചാൽ ഫുട്ബോൾ, ക്രിക്കറ്റ്, അത്‌ലറ്റിക്സ് ഉൾപ്പെടെ വിവിധ മേഖലയിലും ലഹരിക്ക് അടിമപ്പെട്ട പ്രധാനപ്പെട്ട കായികതാരങ്ങളുണ്ട്. എന്നാൽ ചെസ്സ് ഉൾപ്പെടെയുള്ള കായിക മേഖലയിൽനിന്നും ഒരാൾപോലും ലഹരിക്ക് അടിമപ്പെട്ടതായി നമുക്ക് കാണാനാകുന്നില്ല. ഇപ്പോൾ എല്ലാവരും ഒന്നിച്ചുകൊണ്ട് ലഹരിക്കെതിരെ ക്യാമ്പയിൻ നടത്തുകയാണ്. അതുകൊണ്ട് സ്കൂളുകളിൽ നിർബന്ധമായും ചെസ്സ് പരിശീലനം നടത്താനുള്ള സംവിധാനം ഏർപ്പെടുത്താനാകുമോ; ലഹരിക്കെതിരെയുള്ള ക്യാമ്പയിനിൽ സ്കൂളുകളിൽ ചെസ്സിനെ എങ്ങനെ ഉപയോഗപ്പെടുത്താം എന്നുള്ളതും പരിശോധിക്കുന്നത് ഗുണകരമാകില്ലേ?

<u>ശ്രീ. ഒ. ജെ. ജനീഷ്</u>: സർ, ലഹരിക്കെതിരെയുള്ള ക്യാമ്പയിന്റെ ഭാഗമായി മുഴുവൻ സ്പോർട്സ് ഇവന്റുകളും നമുക്ക് ഗുണകരമായി ഉപയോഗിക്കാൻ സാധിക്കും. ചെസ്സ് ഉൾപ്പെടെയുള്ള മത്സരങ്ങളെ സംബന്ധിച്ച് സ്കൂളുകളിൽ കൂടുതലായി ബോധവൽക്കരണം നടത്തുന്നതിനും വിദ്യാർത്ഥികളെ എൻഗേജ് ചെയ്യിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കാവുന്നതാണ്.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, കായിക അധ്യാപകരുടെ അഭാവംമൂലം സർക്കാർ സ്കൂളിൽ ഉൾപ്പെടെ കായിക ആരോഗ്യ പ്രവർത്തനങ്ങളും പരിശീനങ്ങളും മുടങ്ങികിടക്കുന്ന ഒരു സാഹചര്യമുണ്ട്. കഴിഞ്ഞ കാലങ്ങളിൽ ഇത് നികത്തപ്പെടാതെ പോയതുകൊണ്ടാണ് വലിയ ദുരന്തം ഈ മേഖലയിൽ രൂപപ്പെടുന്നത്. അത് പരിഹരിക്കാൻ വിദ്യാഭ്യാസ വകുപ്പുമായി ആലോചിച്ച് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ഒ. ജെ. ജനീഷ്</u>: സർ, അങ്ങ് ചൂണ്ടിക്കാണിച്ച കാര്യം പരിശോധിക്കാവുന്നതാണ്. പലപ്പോഴും ഡിവിഷൻ ഫാൾ മൂലം കായിക അധ്യാപക തസ്തികകൾ ആദ്യംതന്നെ ഒഴിവാക്കപ്പെടുന്ന സാഹചര്യമാണുണ്ടാകുന്നത്. ഇക്കാര്യത്തിൽ വിദ്യാഭ്യാസ വകുപ്പുമായി കൂടിയാലോചിച്ച് സർക്കാർ ഉചിതമായ തീരുമാനം ഉടൻതന്നെ പ്രഖ്യാപിക്കുന്നതാണ്.

<u>ശ്രീ. ആര്യാടൻ ഷൗക്കത്ത്</u>: സർ, സ്പോർട്സ് കേരള ഫൗണ്ടേഷൻ നടപ്പാക്കുന്ന ഈ പദ്ധതിയുടെ ഇംപ്ലിമെന്റേഷൻ കിറ്റ്കോ ലിമിറ്റഡിനാണ് (Kerala Industrial and

Technical Consultancy Organisation Ltd) നൽകിയിരിക്കുന്നത്. പക്ഷെ, പലപ്പോഴും ഈ രണ്ട് സ്ഥാപനങ്ങളും തമ്മിൽ ആവശ്യമായ കോർഡിനേഷൻ ഇല്ലാത്ത സാഹചര്യമാണുള്ളത്. നിലമ്പൂരിൽ പതിനെട്ടര കോടി രൂപ ചെലവഴിച്ചുകൊണ്ട് നിർമ്മിച്ച സ്റ്റേഡിയം ഇപ്പോഴും കൈമാറിയിട്ടില്ല എന്നതാണ് യാഥാർഥ്യം. ഈ സ്റ്റേഡിയത്തിന്റെ ചുമതല സ്കൂളിനോ തദ്ദേശ സ്വയംഭരണ സ്ഥാപനമായ മുനിസിപ്പാലിറ്റിക്കോ കൈമാറാത്ത സ്ഥിതിവിശേഷമാണുള്ളത്. സ്റ്റേഡിയത്തിന്റെ കൃത്യമായ മെയിന്റനൻസ് സ്കൂൾ അധികൃതരോ മുനിസിപ്പാലിറ്റിയോ നടത്തുന്നതിനുള്ള തീരുമാനം ഉണ്ടായില്ലെങ്കിൽ ആ സ്റ്റേഡിയം ഉപയോഗശൂന്യമായി നശിക്കുന്ന സാഹചര്യമുണ്ടാകും. അതിനാൽ, സ്റ്റേഡിയം കൈമാറുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ഒ. ജെ. ജനീഷ്</u>: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച വിഷയം പ്രത്യേകമായി പരിശോധിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി മീറ്റിങ് വിളിച്ചുകൂട്ടി ആവശ്യമായ തീരുമാനം കൈക്കൊള്ളുന്നതുമാണ്.

<u>ശ്രീ. കെ. പ്രേംകുമാർ</u>: സർ, കായിക മേഖലയിൽ 'ഒരു പഞ്ചായത്തിൽ ഒരു കളിക്കളം' എന്ന പദ്ധതിയുടെ വലിയൊരു പരിമിതി തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കോ സർക്കാർ സ്കൂളുകൾക്കോ സ്ഥലം ഉണ്ടെങ്കിൽ മാത്രമേ ഈ പദ്ധതി നടപ്പിലാക്കാനാകൂ എന്നതാണ്. ഒറ്റപ്പാലം മണ്ഡലത്തിലെ ഏഴ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി എട്ട് കളിസ്ഥലങ്ങളിൽ നാലെണ്ണം പൂർത്തീകരിച്ചു. എയ്ഡഡ് സ്കൂളുകളിൽകൂടി ഒരു ധാരണാപത്രം ഒപ്പിട്ട് ആ എയ്ഡഡ് സ്കൂളുകളുടെ കളിസ്ഥലമോ പഞ്ചായത്തിൽ ആ നിലയിൽ കളിസ്ഥലം ഇല്ലെങ്കിൽ കളിസ്ഥലം കണ്ടെത്തി അത്തരത്തിൽ 'ഒരു പഞ്ചായത്തിൽ ഒരു കളിക്കളം' പദ്ധതിയുടെ ഭാഗമായി മുന്നോട്ടുകൊണ്ടുപോകാനാകുമോ; സ്പോർട്സ് കൗൺസിലുകളുടെ പ്രവർത്തനത്തിന് ആവശ്യമായ സഹകരണവും പിന്തുണയും തുടർന്ന് അതിന്റെ നടത്തിപ്പിനുള്ള നിലപാടും സ്വീകരിക്കുമോ?

<u>ശ്രീ. ഒ. ജെ. ജനീഷ്</u>: സർ, എയ്ഡഡ് സ്കൂളുകളിലെ മാനേജ്മെന്റുകളുമായി എം.ഒ.യു.-വിൽ ഏർപ്പെട്ടുകൊണ്ടുതന്നെ സ്കൂളിന്റെ പ്രവർത്തനത്തിന് തടസ്സം വരാത്ത രീതിയിൽ കായിക മേഖലയിലെ ചെറുപ്പക്കാർക്കും വിദ്യാർഥികൾക്കുമൊക്കെ

പ്രാദേശികമായി കൂടി ഗ്രൗണ്ടുകളുടെ ലഭ്യത ഉപയോഗിക്കുന്നതിനുവേണ്ടിയുള്ള സമീപനം ഉറപ്പുവരുത്താനുള്ള ശ്രമം ഉണ്ടാകുന്നതാണ്.

<u>ശ്രീ. എം. എ. റസാഖ് മാസ്റ്റർ</u>: സർ, മാവൂരിൽ ഏകദേശം നാനൂറോളം ഏക്കർ ഭൂമി കഴിഞ്ഞ 25 വർഷമായി ഉപയോഗശൂന്യമായി കിടക്കുകയാണ്. 2001 ജൂൺ 30-നാണ് അവിടെയുള്ള പ്രവർത്തനം അടച്ചുപൂട്ടപ്പെട്ടത്. നിലവിൽ വിജനമായി കിടക്കുന്ന ഈ സ്ഥലത്ത് ഒരു അന്താരാഷ്ട്ര സ്റ്റേഡിയം സ്ഥാപിക്കുമെന്ന് മുഖ്യമന്ത്രി ബജറ്റിൽ പരാമർശിച്ചിരുന്നു. ആ സ്റ്റേഡിയം മാവൂരിൽ ആരംഭിക്കുന്നതിന് കഴിയുമോ?

<u>ശ്രീ. ഒ. ജെ. ജനീഷ്</u>: സർ, നിലവിൽ ബജറ്റിൽ മലബാർ കേന്ദ്രീകരിച്ചുള്ള ഫുട്ബോൾ സ്റ്റേഡിയത്തിനായി 50 കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ട്. അത് എവിടെ നടപ്പിലാക്കണമെന്നത് സംബന്ധിച്ച് സ്ഥല ലഭ്യത ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിഗണിച്ച് മുഖ്യമന്ത്രിയുമായി കൂടിയാലോചിച്ച ശേഷം ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

**മോട്ടോർ വാഹന വകുപ്പിലെ സേവനങ്ങൾ സുതാര്യവും ജനസൗഹൃദവുമാക്കാൻ നടപടി**

(*122) <u>ശ്രീ. സജി ചെറിയാൻ</u>:

<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>:

<u>ശ്രീ. ടി. എം. ശശി</u>:

<u>ശ്രീ. പി. പി. സുമോദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിലെ സേവനങ്ങൾ കൂടുതൽ സുതാര്യവും ജനസൗഹൃദവുമാക്കാൻ മുൻസർക്കാർ നടപ്പാക്കിയ പ്രധാന ഡിജിറ്റൽവൽക്കരണ പദ്ധതികൾ എന്തെല്ലാമായിരുന്നുവെന്ന് വിശദമാക്കാമോ;

(ബി) സാരഥി, പരിവാഹൻ തുടങ്ങിയ ഓൺലൈൻ സംവിധാനങ്ങൾ വഴി ആർ.ടി.ഒ. ഓഫീസുകളിൽ നേരിട്ട് പോകാതെതന്നെ പൊതുജനങ്ങൾക്ക് ലഭ്യമാക്കിയ പ്രധാന സേവനങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) ഡ്രൈവിങ് ലൈസൻസ് ടെസ്റ്റിങ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ആരംഭിച്ച കമ്പ്യൂട്ടറൈസ്ഡ് ഓട്ടോമേറ്റഡ് ടെസ്റ്റിങ് ട്രാക്കുകളുടെ സവിശേഷതകൾ വിശദമാക്കാമോ;

(ഡി) മോട്ടോർ വാഹന വകുപ്പിലെ സേവനങ്ങൾ പൂർണ്ണമായും ഓൺലൈനാക്കിയതിലൂടെ ഇടനിലക്കാരുടെ ചൂഷണവും അഴിമതിയും ഇല്ലാതാക്കാൻ എത്രത്തോളം കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. സി. പി. ജോൺ): സർ,

(എ) മോട്ടോർ വാഹന വകുപ്പിലെ സേവനങ്ങൾ കൂടുതൽ സുതാര്യവും ജനസൗഹൃദവുമാക്കാൻ വാഹൻ ട്രേഡ് സർട്ടിഫിക്കറ്റ് മൊഡ്യൂൾ, വാഹൻ ചെക്ക് പോസ്റ്റ് മൊഡ്യൂൾ, വാഹൻ ബൈലെട്രൽ ടാക്സ് മൊഡ്യൂൾ, വാഹൻ ഡാഷ്ബോർഡ്, വാഹൻ റിപ്പോർട്ട് മൊഡ്യൂൾ, ഡീലർ ഓതറൈസേഷൻ സർട്ടിഫിക്കറ്റ് ഫോർ യൂസ്ഡ് കാർ മൊഡ്യൂൾ (DAUC), STA മൊഡ്യൂൾ, എ.ഐ.ടി.പി. (All India Tourist Permit) മൊഡ്യൂൾ, വാഹൻ നാഷണൽ പെർമിറ്റ് പോർട്ടൽ, വാഹൻ വി.എൽ.ടി.ഡി. (VLTD) മൊഡ്യൂൾ, ഹൈപോത്തിക്കേഷൻ ടെർമിനേഷൻ ഇന്റഗ്രേഷൻ വിത്ത് ബാങ്ക് മൊഡ്യൂൾ, ഇ-സബ്സിഡി മൊഡ്യൂൾ, അഡ്വർടൈസ്മെന്റ് മൊഡ്യൂൾ എന്നിവ പരിവാഹൻ പോർട്ടലിൽ ഉൾപ്പെടുത്തുകയും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും ഡ്രൈവിങ് ലൈസൻസും ഡിജിറ്റലായി ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. ഇവയുടെ ലഘു വിവരണം അനുബന്ധമായി ചേർക്കുന്നു+.

(ബി) സാരഥി, വാഹൻ തുടങ്ങിയ ഓൺലൈൻ സംവിധാനങ്ങൾ വഴി ആർ.ടി.ഒ. ഓഫീസുകളിൽ നേരിട്ട് പോകാതെതന്നെ പൊതുജനങ്ങൾക്ക് ലഭ്യമാക്കിയ പ്രധാന സേവനങ്ങൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു+.

---

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഡ്രൈവിങ് ലൈസൻസ് ടെസ്റ്റിങ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ആരംഭിച്ച കമ്പ്യൂട്ടറൈസ്ഡ് ഓട്ടോമേറ്റഡ് ടെസ്റ്റിങ് ട്രാക്കുകളുടെ സവിശേഷതകൾ അനുബന്ധമായി ചേർക്കുന്നു.+

(ഡി) മോട്ടോർ വാഹന വകുപ്പിലെ സേവനങ്ങൾ പൂർണ്ണമായും ഓൺലൈനാക്കിയതിലൂടെ അഴിമതി തടയുന്നതിലും ഇടനിലക്കാരുടെ ചൂഷണം അവസാനിപ്പിക്കുന്നതിലും കാര്യമായ മാറ്റങ്ങളാണുണ്ടായിട്ടുള്ളത്. മുൻകാലങ്ങളിൽ ഡ്രൈവിങ് ലൈസൻസ് പുതുക്കാനോ വാഹനം കൈമാറ്റം ചെയ്യാനോ ആർ.ടി.ഒ. ഓഫീസുകളിൽ നേരിട്ട് എത്തുകയും ഇടനിലക്കാരെ ആശ്രയിക്കേണ്ട സാഹചര്യങ്ങളുണ്ടാവുകയും ചെയ്തിരുന്നു. എന്നാൽ ഫേസ്‌ലെസ്സ് (Faceless) സേവനങ്ങൾ നിലവിൽ വന്നതോടെ പൊതുജനങ്ങൾക്ക് അക്ഷയ കേന്ദ്രങ്ങൾ വഴിയോ സ്വന്തം മൊബൈൽ/കമ്പ്യൂട്ടർ വഴിയോ നേരിട്ട് അപേക്ഷിക്കാമെന്നായതിനാൽ ഓഫീസുകളിലെ അനാവശ്യ ജനത്തിരക്ക് കുറയുകയും ഇടനിലക്കാരുടെ ഇടപെടലുകൾ ഇല്ലാതാവുകയും ചെയ്തു. സാരഥി, വാഹൻ പോർട്ടലുകളിലെ അപേക്ഷകൾ സീനിയോറിറ്റി അനുസരിച്ച് (First-Come, First-Served) ആയി മാത്രമാണ് പ്രോസസ്സ് ചെയ്യപ്പെടുന്നത് എന്നതിനാൽ മുൻഗണന അട്ടിമറിക്കാനോ പ്രത്യേക സ്വാധീനം ഉപയോഗിച്ച് ഫയലുകൾ വേഗത്തിലാക്കാനോ സാധിക്കില്ല. കൂടാതെ അപേക്ഷകളുടെ നിലവിലെ അവസ്ഥ (Pending Status) അപേക്ഷകന് ഓൺലൈനായി എപ്പോൾ വേണമെങ്കിലും സ്വയം ട്രാക്ക് ചെയ്യാനും സാധിക്കുന്നുണ്ട്.

ഇതിനുപുറമെ ഹൈപ്പോത്തിക്കേഷൻ ടെർമിനേഷന് പരിവാഹൻ പോർട്ടലിൽ ഓട്ടോ അപ്രൂവൽ (Auto-Approval) സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഈ സേവനങ്ങൾ സ്വയമേവ അംഗീകരിക്കപ്പെടുന്നത് ഫയലുകൾ വച്ചുതാമസിപ്പിക്കാനുള്ള സാധ്യതകൾ പൂർണ്ണമായും ഇല്ലാതാക്കുന്നു. എല്ലാത്തരം നികുതികളും ഫീസുകളും ഇ-ചലാൻ പിഴകളും പരിവാഹൻ പോർട്ടൽ വഴി ഓൺലൈനായി മാത്രം അടയ്ക്കാൻ സാധിക്കുന്നതിനാൽ സർക്കാർ നിശ്ചയിച്ച തുക കൃത്യമായി ജനങ്ങൾക്ക് ബോധ്യപ്പെടുകയും അമിത തുക ഈടാക്കിയുള്ള ചൂഷണങ്ങളിൽനിന്ന് അവർ രക്ഷപ്പെടുകയും ചെയ്യുന്നു. ആർ.സി. ബുക്കും

---

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

*30-06-2026*
*Question Hour*

ഡ്രൈവിങ് ലൈസൻസും പ്രിന്റ് ചെയ്ത് തപാലിൽ അയയ്ക്കുന്ന രീതി അവസാനിപ്പിച്ച് പകരം പൗരന്മാർക്ക് അവ നേരിട്ട് ഡൗൺലോഡ് ചെയ്ത് ഡിജിലോക്കറിലോ (DigiLocker) എം-പരിവാഹൻ ആപ്പിലോ സൂക്ഷിക്കാനുള്ള സൗകര്യം (DYRC & DYDL) ഒരുക്കിയതോടെ രേഖകൾ കൈപ്പറ്റുന്നതിനായി ഓഫീസുകൾ കയറിയിറങ്ങേണ്ട അവസ്ഥയും മാറി. മോട്ടോർ വാഹന വകുപ്പിലെ സേവനങ്ങൾ ഓൺലൈൻ മുഖേന ജനങ്ങളുടെ വിരൽത്തുമ്പിലേക്ക് എത്തിച്ചപ്പോൾ ഉദ്യോഗസ്ഥരും പൊതുജനങ്ങളും തമ്മിലുള്ള നേരിട്ടുള്ള സമ്പർക്കം കുറയുകയും അഴിമതിയുടെയും ഇടനിലക്കാരുടെയും ഇടപെടലുകൾ വലിയൊരു പരിധിവരെ ഇല്ലാതാവുകയും ചെയ്തിട്ടുണ്ട്.

<u>ശ്രീ. സജി ചെറിയാൻ</u>: സർ, വലിയൊരു വിഭാഗം സ്ത്രീ യാത്രക്കാരും കെ.എസ്.ആർ.ടി.സി.-ലേയ്ക്ക് മാറിയതോടുകൂടി സ്വകാര്യ ബസ് മേഖല പ്രതിസന്ധിയിലാണ്. കേരളത്തിൽ സ്വകാര്യ ബസ്, യാത്രാ മേഖലയിൽ നല്ല നിലയിൽ സർവീസ് നടത്തുന്നതുകൊണ്ടാണ് പൊതുഗതാഗത മേഖല നിലനിൽക്കുന്നത്. ഇതിനോടകം ഒട്ടേറെ സ്വകാര്യ ബസ്സുകൾ നിർത്തൽ ചെയ്തുകഴിഞ്ഞു. ആയിരക്കണക്കിന് സ്വകാര്യ ബസ് റൂട്ടുകൾ ഉടമകൾ ഉപേക്ഷിക്കാൻ പോകുന്നുവെന്ന വാർത്തകൾ വരികയാണ്. സർക്കാർ ഇതുമായി ബന്ധപ്പെട്ട് ഏതോ ചെറിയ നികുതി കുറച്ചു എന്നാണ് പറയുന്നത്. കുറച്ച നികുതി സ്വകാര്യ മേഖലയ്ക്ക് പ്രയോജനപ്പെടുന്നതല്ല. 'പ്രിയദർശിനി' സൗജന്യ യാത്രാ പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് കാര്യങ്ങൾ കൃത്യമായി മനസ്സിലാക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ടോ; സ്വകാര്യ ബസ് മേഖലയുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ എന്ത് നടപടിയാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്?

<u>ശ്രീ. സി. പി. ജോൺ</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പലപ്പോഴും വിശദീകരിച്ചതുപോലെ, ഒരു സ്വകാര്യ മേഖല എന്നതിലുപരി പൊതുഗതാഗതം കൈകാര്യം ചെയ്യുന്ന ഇൻവെസ്റ്റ്മെന്റിന്റെ ഒരു മേഖലയായാണ് സർക്കാർ ഈ മേഖലയെ കണക്കാക്കുന്നത്. അതിന്റെ ഭാഗമായാണ് ബജറ്റിൽ ഒരിക്കലും ചെയ്യാത്തതുപോലെ, സ്വകാര്യ ബസ് നികുതി അമ്പത് ശതമാനമായി കുറച്ചത്. അതുകൊണ്ട് അവർക്ക് ഒരുവർഷത്തിൽ ഏകദേശം അമ്പതിനായിരം രൂപയുടെ ആനുകൂല്യം ലഭിക്കും. ഈ

വിഷയത്തെ സംബന്ധിച്ച് എല്ലായിടത്തും ഒരുപോലെയല്ല ടി പദ്ധതിയുടെ ഇംപാക്ട് ഉണ്ടായിട്ടുള്ളത്. എന്നാൽ ഇംപാക്ട് ഉണ്ടായിട്ടുള്ള മേഖലകളുമുണ്ട്. ഉദാഹരണമായി നെയ്യാറ്റിൻകര താലൂക്കിൽ സ്വകാര്യ വ്യക്തികളുടെ വാഹനങ്ങൾ കാര്യമായി ഇല്ലാത്തതുകൊണ്ടും മലപ്പുറം ജില്ലയിൽ കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ സർവീസ് താരതമ്യേന കുറവായതുകൊണ്ടും സ്വകാര്യ ബസ് മേഖലയിൽ ടി പദ്ധതി നടപ്പാക്കിയതിലൂടെ വലിയ ഇംപാക്ട് ഉണ്ടായിട്ടില്ല. എന്നാൽ രണ്ടുപേരും ഒരുമിച്ച് സർവീസ് നടത്തുന്ന പ്രദേശങ്ങളിൽ സ്ത്രീകൾ കൂടുതലും കെ.എസ്.ആർ.ടി.സി. ബസ്സിനെ ആശ്രയിക്കുന്നതുകൊണ്ട് ഈ ബസ്സുകളിലെ കളക്ഷൻ ഒരുദിവസം 1500/- രൂപ മുതൽ 2500/- രൂപവരെ കുറവ് വരുന്നതായി അവരുടെ പ്രതിനിധികൾ സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിന്റെ ഗൗരവം മനസ്സിലാക്കി അവ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. സജി ചെറിയാൻ: സർ, ഇക്കഴിഞ്ഞ തിരഞ്ഞെടുപ്പ് ഘട്ടത്തിൽ ജെൻ സി-യും പൂക്കിയുമൊക്കെ വലിയ തരത്തിൽ നാം പ്രയോജനപ്പെടുത്തിയിരുന്നു. യുവജനങ്ങൾക്ക് വലിയ ഇളവുകൾ നൽകുമെന്ന വാഗ്ദാനമാണ് നിലവിലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അന്ന് നൽകിയിരുന്നത്. ഇപ്പോൾ പ്രഖ്യാപിച്ച ഇളവുകൾ നിലവിൽ നിയമവിധേയമായിട്ടുള്ളതാണ്. യുവാക്കളെ ആക്ഷേപിക്കുന്നതിന് തുല്യമാണ് ഇതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. യഥാർത്ഥത്തിൽ യുവാക്കൾ ആഗ്രഹിക്കുംവിധമുള്ള മോഡിഫിക്കേഷൻ വാഹനങ്ങളിൽ നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; അതിന് നിയമം അനുവദിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം തരത്തിലുള്ള മോഡിഫിക്കേഷനുകൾക്കാണ് അംഗീകാരം നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നത്?

ശ്രീ. സി. പി. ജോൺ: സർ, മോഡിഫിക്കേഷനുകൾ അനുവദിക്കുന്ന കാര്യത്തിലും നേരത്തെ സൂചിപ്പിച്ചതുപോലെ കേന്ദ്ര സർക്കാരിന്റെ നിയമാവലികൾ നമുക്കും ബാധകമാണ്. എന്നാലും അപകടകരമല്ലാത്ത മോഡിഫിക്കേഷനുകൾ പ്രത്യേകിച്ച്, അമിതമായ വെളിച്ചവും ശബ്ദവും പുറത്തേക്ക് വരുന്ന തരത്തിലുള്ള മോഡിഫിക്കേഷൻ അംഗീകരിക്കാൻ സാധിക്കില്ല. എന്നാൽ കളർ കോഡ്, അപകടകരമല്ലാത്ത ഫിറ്റിങ്സ്

വയ്ക്കുന്നതിനും വാഹനത്തിന്റെ പുറത്തേക്ക് തുറിച്ച് നിൽക്കാത്ത തരത്തിലുള്ള കാര്യങ്ങൾ പിടിപ്പിക്കുന്നതിനുള്ള മോഡിഫിക്കേഷനുകളെ സംബന്ധിച്ചും സർക്കാർ വിശദമായി ചർച്ചചെയ്തു വരികയാണ്.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, ഡ്രൈവിങ് ലൈസൻസ് ടെസ്റ്റുകൾക്കായി ഓൺലൈനായി സ്ലോട്ടുകൾ ബുക്ക് ചെയ്യുന്ന അപേക്ഷകർക്ക് നിശ്ചിത സമയക്രമം പാലിച്ച് ടെസ്റ്റ് നടത്തുന്നതിനും അനാവശ്യ കാലതാമസം ഒഴിവാക്കുന്നതിനുമായി പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ?

ശ്രീ. സി. പി. ജോൺ: സർ, തീർച്ചയായും ടി വിഷയം സർക്കാരിന്റെ പരിഗണനയിലുണ്ട്. അതിന്റെ വിശദാംശങ്ങൾ സർക്കാർ ശ്രദ്ധിക്കുന്നുമുണ്ട്. മേൽപ്പറഞ്ഞ കാലതാമസം ഒഴിവാക്കും. പ്രത്യേകിച്ചും നേരത്തെ സൂചിപ്പിച്ച മൊഡ്യൂളുകളിൽ ധാരാളം ഹാങ്ങിങ് വരുന്നുണ്ട്. ഞാൻ ഡൽഹിയിൽ പോയ അവസരത്തിൽ ബഹുമാന്യനായ കേന്ദ്ര ഗതാഗത വകുപ്പുമന്ത്രിയായ ശ്രീ. നിതിൻ ഗഡ്കരിയുമായി ഇതുസംബന്ധിച്ച് സംസാരിച്ചിരുന്നു. ദേശീയ തലത്തിൽത്തന്നെ പോർട്ടലുകൾ ഹാങ്ങാവുന്ന പ്രശ്നമുണ്ട്. ഓരാഴ്ചയ്ക്കകം ടി പ്രശ്നം പരിഹരിക്കാമെന്ന് കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ട്. അത് വേഗത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. ടി. എം. ശശി: സർ, ഡ്രൈവിങ് ടെസ്റ്റിന്റെ നിലവാരമുയർത്തുന്നതിന് ഏറ്റവും ഗുണകരമായ ഒന്നായിരുന്നു കമ്പ്യൂട്ടറൈസ്ഡ് ഓട്ടോമാറ്റിക് ടെസ്റ്റിങ് ട്രാക്കുകൾ. നിലവിൽ ഈ സംവിധാനം സംസ്ഥാനത്ത് വേണ്ടരീതിയിൽ നടക്കുന്നില്ലെന്നാണ് മനസ്സിലാക്കുന്നത്. ടി സംവിധാനം ഗതാഗത വകുപ്പിന്റെ കീഴിൽ കാര്യക്ഷമമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; അതിന് നിലവിലെ തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; കൂടാതെ അവ പരിഹരിച്ച് നടപ്പിലാക്കിയാൽ അതിന്റെ സവിശേഷതകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ശ്രീ. സി. പി. ജോൺ: സർ, തീർച്ചയായും ടി സംവിധാനത്തെക്കുറിച്ച് പരിശോധിച്ച് അവ നടപ്പിലാക്കുന്നതിന് സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ടി സംവിധാനത്തിലൂടെ പോയാൽ മറ്റുള്ള ടെസ്റ്റുകളൊക്കെ എടുക്കുന്നതിന്റെ സാങ്കേതികമായ

കുറെ വിഷയങ്ങളിൽനിന്നും വിടുതൽ കിട്ടുന്ന തരത്തിലുള്ള ഒരു ഹാസിൽ ഫ്രീ സേവനമാണിതെന്ന് മനസ്സിലാക്കാൻ സാധിക്കും. എന്തായാലും അതിനു വേണ്ടിയുള്ള ശ്രമങ്ങൾ കാര്യമായി ചെയ്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. പി. സുമോദ്: സർ, കേരളത്തിൽ കഴിഞ്ഞ ഇരുപത് വർഷമായി ധാരാളം ആളുകൾ പുതുതായി ഡ്രൈവിങ് പഠിക്കുന്നുണ്ട്. ഇത് കേരളത്തിൽ വന്നൊരു മാറ്റമാണ്. ഈ മാറ്റം കണക്കിലെടുത്ത് കഴിഞ്ഞ സർക്കാർ പ്രത്യേകിച്ചും കെ.എസ്.ആർ.ടി.സി. കേന്ദ്രീകരിച്ച് ഡ്രൈവിങ് സ്കൂളുകൾ ആരംഭിച്ചിരുന്നു. ആ ഡ്രൈവിങ് സ്കൂളുകൾ ഫലപ്രദമായി വിപുലപ്പെടുത്താനും ഓട്ടേറെ ആളുകൾക്ക് ഡ്രൈവിങ് പഠിക്കാനും അവശ്യമായ സജ്ജീകരണങ്ങൾ കൂടുതൽ കാര്യക്ഷമമായി വ്യാപിപ്പിക്കുമോ?

ശ്രീ. സി. പി. ജോൺ: സർ, കെ.എസ്.ആർ.ടി.സി.-യുടെ നിയന്ത്രണത്തിൽ മാത്രം ഡ്രൈവിങ് സ്കൂളുകൾ വന്നതുകൊണ്ട് ബഹുമാനപ്പെട്ട അംഗം ഉദ്ദേശിച്ച കാര്യം പൂർണ്ണമായും നടപ്പാക്കാൻ കഴിയില്ല. എന്നാലത് നിലനിർത്തികൊണ്ടുതന്നെ കൂടുതൽപേരെ എങ്ങനെ ഡ്രൈവിങ്ങിലേയ്ക്ക് കൊണ്ടുവരാൻ കഴിയുമെന്ന് പരിശോധിക്കുകയാണ് ചെയ്യുന്നത്. കഴിഞ്ഞ ദിവസം കിട്ടിയ കണക്കനുസരിച്ച് ഒരുമാസത്തിൽ ഒന്നരലക്ഷം ആളുകളാണ് ഡ്രൈവിങ് ലൈസൻസിനുവേണ്ടി വരുന്നത്. അതിൽ ലൈസൻസ് പുതുക്കുന്നവരും പുതിയവരുമുണ്ട്. ഒരു വർഷത്തിൽ പതിനെട്ട് ലക്ഷം പേരാണ് ലൈസൻസിന് വരുന്നത്. അതുകൊണ്ട് തീർച്ചയായും അതിനുവേണ്ട കാര്യങ്ങൾ ചെയ്യുന്നുണ്ട്. മാത്രമല്ല, പ്ലസ് ടു പഠിക്കുമ്പോൾ തന്നെ വിദ്യാർഥികൾക്ക് വാഹനങ്ങളെ സംബന്ധിച്ചും അതിന്റെ നിയമങ്ങളെ സംബന്ധിച്ചും പഠിപ്പിക്കുന്നതിന് പ്രീ-ലൈസൻസ് ട്രെയിനിങ് കരിക്കുലത്തിൽതന്നെ നൽകുന്നതിനുവേണ്ടി ഗതാഗത വകുപ്പ് പൊതുവിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് ആലോചിക്കുന്നുണ്ട്. പ്ലസ് ടു കഴിയുമ്പോൾ വിദ്യാർഥികൾക്ക് 18 വയസ്സാകുമല്ലോ. അതുകഴിയുന്ന സമയത്തുതന്നെ ആ വെക്കേഷനോടുകൂടി പ്ലസ് ടു വിദ്യാർഥികൾക്ക് വാഹനം ഓടിക്കുന്നതിനുള്ള ലൈസൻസ് നൽകുന്നതിനുള്ള ബൃഹത് പദ്ധതികൂടി സർക്കാർ ആലോചിച്ചുവരികയാണ്.

ശ്രീ. അൻവർ സാദത്ത്: സർ, കെ.എസ്.ആർ.ടി.സി.-യിൽ പല റൂട്ടുകളും നിലവിൽ കട്ട് ചെയ്തിരിക്കുകയാണ്. ആലുവയിൽത്തന്നെ പല റൂട്ടുകളിലും നേരത്തെ

കെ.എസ്.ആർ.ടി.സി. ബസ് സർവീസ് നടത്തിയിരുന്നതാണ്. ബസ്സുകളുടെ കളക്ഷൻ സംബന്ധിച്ചും കോവിഡ് സമയം പറഞ്ഞും അങ്ങനെ പല കാരണങ്ങളാലും ചില പ്രദേശങ്ങളിൽ കെ.എസ്.ആർ.ടി.സി. ബസ് കട്ട് ചെയ്തിരുന്നു. എന്നാൽ അവിടെ പ്രൈവറ്റ് ബസുമില്ല. അങ്ങനെയുള്ള സ്ഥലങ്ങളിൽ വീണ്ടും കെ.എസ്.ആർ.ടി.സി. ബസ് അനുവദിച്ച് ജനങ്ങൾക്ക് വളരെ സുഗമമായി യാത്രചെയ്യാനും അവർക്ക് ലക്ഷ്യസ്ഥാനത്തേക്ക് എത്താനുമുള്ള സാഹചര്യമുണ്ടാക്കുമോ; കൂടാതെ അങ്ങേയ്ക്ക് ലൈസൻസ് ഇല്ലായെന്ന് പറയുന്നത് കേട്ടു. അങ്ങയ്ക്ക് ഇപ്പോൾ ലൈസൻസ് എടുക്കാൻ ഉദ്ദേശ്യമുണ്ടോയെന്ന് അറിഞ്ഞാൽ കൊള്ളാം.

<u>ശ്രീ. സി. പി. ജോൺ</u>: സർ, അങ്ങ് ചോദ്യത്തിൽ അവസാനം സൂചിപ്പിച്ച കാര്യം പിന്നീട് ആലോചിക്കാം. കോവിഡ് കാലത്ത് നിർത്തലാക്കപ്പെട്ട സർവീസുകളെ സംബന്ധിച്ച് സംസാരിക്കുന്നതിന് ബഹുമാനപ്പെട്ട അംഗങ്ങളും പല സംഘടനാ പ്രതിനിധികളും എന്നെ സമീപിച്ചിരുന്നു. അതിനെക്കുറിച്ച് ഒരു സ്റ്റഡി നടത്താൻ കെ.എസ്.ആർ.ടി.സി.-യോട് ഞാൻ ആവശ്യപ്പെട്ടിട്ടുണ്ട്. അതിൽ പല റൂട്ടുകളും ലാഭകരമായി നടന്നിരുന്ന റൂട്ടുകളാണ്. അതുകൊണ്ട് കോവിഡിന്റെ പേരിൽ നിർത്തലാക്കപ്പെട്ട സർവീസുകൾ തുടർന്ന് സർവീസ് നടത്തിയാൽ നല്ലരീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്ന റൂട്ടുകളിൽ അവ പുന:സ്ഥാപിക്കാൻ ശ്രമിക്കുമെന്ന് ഞാൻ ഈ സഭയ്ക്ക് ഉറപ്പ് നൽകുകയാണ്.

<u>ശ്രീ. വി. മുരളീധരൻ</u>: സർ, നരേന്ദ്രമോദി സർക്കാർ 2015-ൽ ദേശീയതലത്തിൽ അവതരിപ്പിച്ച പദ്ധതികളാണ് വാഹൻ 4.O, സാരഥി 4.O. അതിന്റെ ഭാഗമായി നാഷണൽ ഡാറ്റാ ബേസുമായി കേരളം ധാരാളം ഇന്റഗ്രേഷൻ നടത്തിയിട്ടുണ്ട്. ഏറ്റവും കൂടുതൽ വാഹനസാന്ദ്രതയുള്ള സംസ്ഥാനമെന്നതാണ് കേരളം നേരിടുന്ന പ്രധാനപ്പെട്ട പ്രശ്നം. ആയിരം പേർക്ക് 550 വാഹനമെന്നതാണ് കണക്ക്. അതനുസരിച്ച്, ആർ.ടി. ഓഫീസുകളിൽ ഏറ്റവും കൂടുതൽ തിരക്ക് അനുഭവപ്പെടുന്ന സംസ്ഥാനങ്ങളിലൊന്നും കേരളമാണ്. ആർ.ടി. ഓഫീസുകളിൽ ഉണ്ടാകുന്ന കാലതാമസങ്ങൾക്കും സിസ്റ്റം ഹാങ്ങാവുന്ന പ്രശ്നങ്ങൾക്കും പരിഹാരമെന്ന നിലയിൽ ആർ.ടി. ഓഫീസുകളിലെ

സ്റ്റാഫുകളുടെ എണ്ണം വർധിപ്പിക്കൽ, അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കൽ തുടങ്ങിയ കാര്യങ്ങളിൽ സർക്കാർ സ്വീകരിച്ചിരിക്കുന്ന നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ?

ശ്രീ. സി. പി. ജോൺ: സർ, പ്രസക്തമായ ഒരു ചോദ്യമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത്. ഇന്ന് പല ആർ.ടി. ഓഫീസുകളും വീർപ്പുമുട്ടുകയാണ്. അവിടെ ആളുകൾക്ക് വരാനോ ഇരിക്കാനോ ഉള്ള സൗകര്യമില്ല. ഉദാഹരണത്തിന്, മലപ്പുറത്ത് പഴയ ഒരു കെട്ടിടത്തിലാണ് ആർ.ടി. ഓഫീസ് പ്രവർത്തിക്കുന്നത്. അതിനെക്കുറിച്ച് സമഗ്രമായി ചിന്തിച്ചുകൊണ്ട് ഒരു വർഷത്തിനകം ആർ.ടി. ഓഫീസുകളെല്ലാം മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള ഒരു പരിശ്രമം നടത്തുന്നതാണ്. കേന്ദ്ര സർക്കാർ അവതരിപ്പിച്ചിട്ടുള്ള നാഷണൽ ലെവൽ നെറ്റ് വർക്കുമായി കൂടുതൽ ഇന്റഗ്രേറ്റ് ചെയ്യാനും ഇ-ചെലാനുമായി അതിനെ കണക്ട് ചെയ്യാനുമുള്ള നടപടികളെക്കുറിച്ച് ബഹുമാനപ്പെട്ട കേന്ദ്രമന്ത്രിയോട് ആലോചിച്ചിട്ടുണ്ട്.

ശ്രീ. പി. കെ. ഫിറോസ്: സർ, സംസ്ഥാനത്ത് കഴിഞ്ഞ തവണ നടപ്പിലാക്കിയ ഡ്രൈവിങ് ടെസ്റ്റിലെ പരിഷ്കാരങ്ങൾ കാരണം ലേണിങ്ങിനും ഡ്രൈവിങ് ടെസ്റ്റിനും ഒരു സ്ലോട്ട് ലഭ്യമാകാതെ ലക്ഷക്കണക്കിന് ആളുകൾ ക്യൂ നിൽക്കുന്ന അവസ്ഥയാണുള്ളത്. കൊടുവള്ളി നിയോജകമണ്ഡലത്തിലെ ആർ.ടി. ഓഫീസിലെ പ്രധാനപ്പെട്ട പ്രശ്നം ഡ്രൈവിങ് ടെസ്റ്റിലെ കഴിഞ്ഞ വർഷത്തെ പരിഷ്കാരങ്ങൾ തന്നെയാണ്. ഡ്രൈവിങ് ടെസ്റ്റ് നടത്തുന്നതിന്റെ എണ്ണം ലിമിറ്റ് ചെയ്തു. നാല് എം.വി.ഐ. (Motor Vehicle Inspector) ആവശ്യമുള്ള കൊടുവള്ളി ആർ.ടി. ഓഫീസിൽ നിലവിൽ ഒരു എം.വി.ഐ. മാത്രമാണുള്ളത്. എൻഫോഴ്സ്മെന്റും ആർ.ടി. ഓഫീസിലെ ഉദ്യോഗസ്ഥരെയും ഏകീകരിച്ചാൽ ഒരു പരിധിവരെ പരിഹരിക്കാൻ സാധിക്കുമെന്നും ഈ പരിഷ്കാരത്തിൽ ചില മാറ്റങ്ങൾ വരുത്തിയാൽ ഇപ്പോൾ ആളുകൾ കാത്തുനിൽക്കുന്ന ഈ സംവിധാനത്തിന് പരിഹാരമാക്കാൻ സാധിക്കുമെന്ന നിർദേശം മുമ്പോട്ടുവയ്ക്കുകയാണ്. ഇതുസംബന്ധിച്ച് അഭിപ്രായം എന്താണ്?

ശ്രീ. സി. പി. ജോൺ: സർ, മോട്ടോർ വാഹന വകുപ്പിന്റെ സ്റ്റാഫ് സ്ട്രെങ്ത്തിനെക്കുറിച്ചാണ് എല്ലാ അംഗങ്ങളുടെയും ചോദ്യത്തിന്റെ ഉള്ളടക്കത്തിൽനിന്ന് കാണാൻ കഴിയുന്നത്. അത് വിശദമായ പഠനം ആവശ്യമായ ഒരു കാര്യമാണ്. സ്റ്റാഫുകളുടെ

എണ്ണം വർധിപ്പിക്കാമെന്ന് ഒറ്റ വാക്കിൽ പറയാൻ കഴിയില്ല. മോട്ടോർ വാഹന വകുപ്പിലെ ജീവനക്കാരുടെ സ്റ്റാഫ് സ്ട്രെങ്ത്തും ഡിമാന്റും തമ്മിലുള്ള ബന്ധം സമഗ്രമായി പഠിച്ചുകൊണ്ട് ഗൗരവമായതരത്തിൽ ചെയ്യാവുന്നതാണ്.

ശ്രീ. ജ്യോതികുമാർ ചാമക്കാല: സർ, കെ.എസ്.ആർ.ടി.സി.-യിൽ സമീപകാലത്ത് മാർക്കറ്റിൽ ഡിമാന്റില്ലാത്ത വാഹനങ്ങൾ വാങ്ങിക്കൂട്ടിയത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതുമായി ബന്ധപ്പെട്ട് ആ വാഹനങ്ങൾ ചോർന്നൊലിക്കുന്നതായും അതിന്റെ ചെയ്സിസ് കട്ടാവുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കേന്ദ്ര സർക്കാരിന്റെ ഭാഗമായി ഇംപ്ലിമെന്റ് ചെയ്ത ബസ്സ് ബോഡി കോഡ് ഡൈല്യൂട്ട് ചെയ്യണമെന്ന് കെ.എസ്.ആർ.ടി.സി.-ക്കുവേണ്ടി ആവശ്യം ഉയർന്നുവന്നിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ബസ്സ് ബോഡി കോഡ് ഡൈല്യൂട്ട് ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. സി. പി. ജോൺ: സർ, ഇത്തരം കാര്യങ്ങൾ ഔദ്യോഗികമായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശ്രദ്ധയിൽപ്പെടുത്തുകയാണെങ്കിൽ അത് പരിശോധിക്കുന്നതായിരിക്കും.

ശ്രീ. യു. ആർ. പ്രദീപ്: സർ, എന്റെ നിയോജകമണ്ഡലമായ ചേലക്കരയിൽ ഒമ്പത് പഞ്ചായത്തുകളാണുള്ളത്. അതിൽ തിരുവില്വാമല, പഴയന്നൂർ, കൊണ്ടാഴി എന്നീ പഞ്ചായത്തുകളിലെ ഓട്ടോറിക്ഷാ തൊഴിലാളികൾക്ക് മീറ്റർ ടെസ്റ്റ് നടത്തണമെങ്കിൽ ഏകദേശം 26 കിലോമീറ്റർ ദൂരം സഞ്ചരിച്ച് വടക്കാഞ്ചേരി മണ്ഡലത്തിലേക്ക് എത്തേണ്ട സ്ഥിതിയാണുള്ളത്. ഭൂവിസ്തൃതിയും ജോലിഭാരവും കൂടുന്നതുകൊണ്ട് അവർക്ക് ഓടിയെത്താനും മീറ്റർ ടെസ്റ്റ് നടത്താനും സാധിക്കുന്നില്ല. പഴയന്നൂർ പഞ്ചായത്ത് കേന്ദ്രീകരിച്ച് മീറ്റർ ടെസ്റ്റ് നടത്താനുള്ള സൗകര്യം സജ്ജീകരിക്കാൻ കഴിയുമോ?

ശ്രീ. സി. പി. ജോൺ: സർ, സാധ്യത പരിശോധിച്ച് ചെയ്യാൻ ശ്രമിക്കുന്നതാണ്.

ശ്രീ. ടി. ജെ. വിനോദ്: സർ, ഇന്ത്യയിൽ ആദ്യമായി നിയമംമൂലം മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി നടപ്പാക്കിയ നഗരമാണ് കൊച്ചി. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബജറ്റിൽ തിരുവനന്തപുരത്തും കോഴിക്കോടും മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി രൂപീകരിക്കുമെന്ന് സൂചിപ്പിച്ചിരുന്നു. എറണാകുളത്തെ

മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ സ്ഥിതി വളരെ പരിതാപകരമാണ്. ഈ പദ്ധതി നടപ്പാക്കുമ്പോൾ റെയിലും റോഡും ബോട്ട് സർവീസുമെല്ലാം സംയോജിപ്പിച്ച് വൺടിക്കറ്റിലൂടെ ജനങ്ങൾക്ക് പ്രയോജനപ്പെടുത്തുമെന്നുള്ള പ്രതീക്ഷയിലായിരുന്നു നടപ്പാക്കിയത്. മെട്രോ പൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ അവസ്ഥ വളരെ ശോചനീയമാണ്. അത് പരിഹരിക്കാൻ സർക്കാർ അടിയന്തരമായി ഇടപെടുമോ?

ശ്രീ. സി. പി. ജോൺ: സർ, ഈ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അടിയന്തരമായി ഈ വിഷയത്തിലിടപെട്ട് പരിഹാരം കണ്ടെത്തുന്നതാണ്.

ശ്രീ. ടി. പി. അഷ്‌ഫെലി: സർ, അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടറുടെ (എ.എം.വി.ഐ.) കീഴിൽ 40 പേർക്കാണ് ഒരു ദിവസം ലേണേഴ്സ് ടെസ്റ്റ് എഴുതുന്നതിനുള്ള അനുമതിയുള്ളത്. ലഭ്യമാകുന്ന നിരവധി അപേക്ഷകർക്ക് എ.എം.വി.ഐ.-യുടെ കുറവുകൾമൂലം ആറുമാസത്തോളം കാലതാമസം ഉണ്ടാകുന്ന സാഹചര്യമാണുള്ളത്. ഇതുമൂലം സംസ്ഥാനത്തിന് പുറത്തുപോയി ലൈസൻസ് എടുക്കുന്നതും ഇപ്പോൾ വ്യാപകമായി കാണുന്ന സാഹചര്യമാണുള്ളത്. സംസ്ഥാനത്തെ റവന്യൂവിനെതന്നെ കാര്യമായി ബാധിക്കുന്ന ഒന്നാണിത്. ഒരു ദിവസം നൽകാവുന്ന ലേണേഴ്സ് ടെസ്റ്റിന്റെ 40 എന്നുള്ള എണ്ണം വർധിപ്പിച്ചോ അല്ലെങ്കിൽ എ.എം.വി.ഐ.-മാരെ നിയമിച്ചുകൊണ്ടോ ഈ വിഷയത്തിന് പരിഹാരമുണ്ടാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. സി. പി. ജോൺ: സർ, നേരത്തെ സൂചിപ്പിച്ചതുപോലെ വളരെ വലിയ ഒരു സമ്മർദ്ദമാണ് മോട്ടോർ വാഹന വകുപ്പുകളുടെ ഓഫീസുകൾ നേരിടുന്നത്. സമഗ്രമായ തരത്തിൽ ഒരു പഠനം നടത്തി അത് പരിഹരിക്കാനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. മുഹമ്മദ് ഷിയാസ്: സർ, മോട്ടോർ വാഹന വകുപ്പിൽ നിരവധിയായിട്ടുള്ള സേവനങ്ങൾ നൽകുന്നുണ്ട്. ഓൺലൈൻ മുഖേന ലഭ്യമാകുന്ന സേവനങ്ങൾ ഫലപ്രദമാണോയെന്ന് പരിശോധന നടത്താൻ തയ്യാറാകുമോ; മോട്ടോർ വാഹന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളിൽ എത്രത്തോളം പോരായ്മകളുണ്ട്; അല്ലെങ്കിൽ

*30-06-2026*
*Question Hour*

കാലഘട്ടത്തിനനുസൃതമായ മാറ്റങ്ങൾ പദ്ധതികളിലുണ്ടാകണം. മട്ടാഞ്ചേരി നിയോജകമണ്ഡലത്തിലെ സബ് റീജിയണൽ ഓഫീസിൽ ലേണേഴ്സിനുവേണ്ടി അപേക്ഷിച്ചാൽ തൊണ്ണൂറ് ദിവസം കഴിഞ്ഞാണ് സ്ലോട്ട് ലഭിക്കുന്നത്. ലൈസൻസ് ലഭ്യമായി വിദേശത്തുപോകാൻ കാത്തിരിക്കുന്ന നിരവധി കുട്ടികളുണ്ട്. ലേണേഴ്സ് ലഭ്യമാകുന്നതിന് തൊണ്ണൂറ് ദിവസംവരെ കാത്തിരിക്കേണ്ട അവസ്ഥയാണ്. ഓഫീസിലേക്ക് കയറാൻപോലും കഴിയാത്ത അവസ്ഥയാണ്; നടന്നുപോകാൻ കഴിയില്ല; മഴ പെയ്താൽ വെള്ളക്കെട്ടാണ്; ഓഫീസുകൾ ചോരുന്ന അവസ്ഥയിലാണ്; സിസ്റ്റങ്ങൾ തകരാറിലാണ്; പലപ്പോഴും ഓൺലൈൻ സംവിധാനങ്ങൾ ലഭിക്കുന്നില്ല; വാഹനങ്ങൾ ഉള്ളതുതന്നെ ഡീസൽ നിറയ്ക്കാനുള്ള പണമില്ലെന്നുപറഞ്ഞ് ഓടുന്നുമില്ല. ഇത്തരത്തിലുള്ള പോരായ്മകൾ കേരളത്തിലെ എല്ലാ മോട്ടോർ വാഹന വകുപ്പിലും ഉണ്ടെന്നാണ് ഞാൻ കരുതുന്നത്. സമയബന്ധിതമായി പരിശോധിച്ച് നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

<u>ശ്രീ. സി. പി. ജോൺ</u>: സർ, മോട്ടോർ വാഹന വകുപ്പിന് അനുവദിച്ചിട്ടുള്ള തുക ഉപയോഗിച്ചാണല്ലോ അതിന്റെ എക്സ്പാൻഷൻസ് ചെയ്യുന്നത്. ആ തുക ഉപയോഗിച്ച് അല്ലെങ്കിൽ പ്ലാൻ അനുസരിച്ച് ചെയ്യുന്നതിന് കുറേ തടസ്സങ്ങളുണ്ട്. എങ്കിലും മോട്ടോർ വാഹന വകുപ്പെന്ന രീതിയിൽ ചില നിർദേശങ്ങൾ മുന്നോട്ടുവച്ചിട്ടുണ്ട്. ഈ വർഷം 8,773 കോടി രൂപയാണ് നികുതിയായി കിട്ടുമെന്ന് ബജറ്റിൽ എസ്റ്റിമേറ്റ് ചെയ്തിട്ടുള്ളത്. കഴിഞ്ഞപ്രാവശ്യം 7,500/- കോടിയിലധികം രൂപ ലഭിച്ചിട്ടുണ്ട്. അതിൽ രണ്ടോ മൂന്നോ ശതമാനം ഇതിന്റെ എക്സ്പാൻഷനുവേണ്ടി വയ്ക്കുകയാണെങ്കിൽ തീർച്ചയായും ചെലവാക്കുന്ന തുകയിൽ അധികം തുക സർക്കാരിലേയ്ക്ക് വരുകയും സർക്കാരിന്റെ നികുതി ശേഖരിക്കുന്ന വകുപ്പെന്ന രീതിയിൽ ആ വകുപ്പിന്റെ വികസനം നികുതി കൂട്ടുന്നതിന് സഹായകരമാകുമെന്ന അഭിപ്രായവും വകുപ്പിലുണ്ട്. അതെല്ലാം വിശദമായ ചർച്ച ചെയ്ത് എടുക്കേണ്ട തീരുമാനങ്ങളാണ്.

<u>മി. സ്പീക്കർ</u>: യാത്രാസൗകര്യത്തിന്റെ പ്രശ്നങ്ങളായതുകൊണ്ട് ധാരാളം ഉപചോദ്യങ്ങളുണ്ട്. സമയം അതിക്രമിച്ചതിനാൽ അടുത്ത ചോദ്യത്തിലേക്ക് കടക്കുകയാണ്.

*30-06-2026*
*Question Hour*

## കാർഷിക മേഖലയിൽ വനിതകളുടെ പങ്കാളിത്തം

(*123) ശ്രീ. സജീവ് ജോസഫ്:
ശ്രീ. കെ. ജയന്ത്:
ശ്രീ. വി. എസ്. ജോയി:
ശ്രീ. കെ. പി. നൗഷാദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതകളെ കൃഷിയിലേക്ക് ആകർഷിക്കുന്നതിനും കൃഷിയിലൂടെ കാര്യക്ഷമമായ വരുമാനം അവർക്ക് സാധ്യമാക്കുന്നതിനും പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുമോ; എങ്കിൽ വിശദമാക്കാമോ;

(ബി) വനിതാ സംരംഭകർക്ക് കാർഷിക സംരംഭങ്ങൾ ആരംഭിക്കുന്നതിന് എന്തൊക്കെ പിന്തുണയാണ് സർക്കാരിന്റെ ഭാഗത്തു നിന്നും ലഭ്യമാക്കുകയെന്ന് വ്യക്തമാക്കാമോ;

(സി) വനിതകൾക്ക് ആധുനിക കൃഷി രീതികൾ പരിചയപ്പെടുത്തുന്നതിന് തദ്ദേശ സ്ഥാപനങ്ങളുമായി ചേർന്ന് പരിശീലന ക്യാമ്പുകൾ സംഘടിപ്പിക്കുമോ; വ്യക്തമാക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. ടി. സിദ്ദിഖ്): സർ,

(എ) ഐക്യരാഷ്ട്ര സംഘടന 2026 അന്താരാഷ്ട്ര വനിതാ കർഷക വർഷമായി ഔദ്യോഗികമായി പ്രഖ്യാപിച്ചു. ഈ പ്രഖ്യാപനത്തിന് അർഹമായ പ്രാധാന്യം നൽകിക്കൊണ്ട് കേരളത്തിലെ കാർഷിക മേഖലയിൽ വനിതാ കാർഷിക മേഖലയെ ശക്തിപ്പെടുത്താനും വനിതകളുടെ സാന്നിധ്യം ഉറപ്പുവരുത്താനും വനിതാ കാർഷിക കൂട്ടായ്മ വർധിപ്പിക്കുന്നതിനുംവേണ്ടി ബൃഹത്തായ ഒരു പദ്ധതി ആവിഷ്കരിച്ചു. ആ പദ്ധതിയാണ് 'കൃഷി സഖി'. പ്രാഥമികമായി ₹350.00 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്. കാർഷിക പ്രവർത്തനം കാർഷിക സംരംഭം എന്നീ മേഖലകളിൽ പ്രവർത്തിക്കുന്ന സ്ത്രീകളെ ഒരു ശക്തമായ സാന്നിധ്യമാക്കി വളർത്തിയെടുക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ഉൽപാദനം, സംസ്കരണം, വിപണനം, മൂല്യവർധനവ് തുടങ്ങി എല്ലാ

മേഖലകളിലേക്കും വനിതാ കർഷക സംരംഭങ്ങളും കൂട്ടായ്മകളും വർധിപ്പിക്കാനുള്ള നടപടികൾ ഇതിന്റെ ഭാഗമായി സ്വീകരിക്കും. സ്ത്രീ സംരഭകത്വം, ഉപജീവന മാർഗം, ആധുനിക വൈജ്ഞാനിക സാങ്കേതിക വിദ്യയുടെ കൂട്ടിയോജിപ്പിക്കൽ തുടങ്ങിയ വിവിധങ്ങളായ പദ്ധതികൾ ഇതിന്റെ ഭാഗമായി ക്രമീകരിച്ചിട്ടുണ്ട്.

(ബി) വനിതാ സംരംഭകർക്ക് മാത്രമായി പ്രത്യേകമായ ഒരു കാർഷിക പദ്ധതി നിലവിൽ ഇല്ല. എന്നാൽ സംസ്ഥാന സർക്കാർ നേതൃത്വത്തിൽ നടക്കുന്ന സ്മോൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം മുഖേന നടപ്പാക്കുന്ന എം.എസ്.എം.ഇ. പദ്ധതിയോടൊപ്പം ഗവൺമെന്റ് ഓഫ് ഇന്ത്യയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള അഗ്രിക്കൾച്ചറൽ ഇൻഫ്രാസ്ട്രക്ചർ ഫണ്ട്, കിസാൻ ക്രെഡിറ്റ് കാർഡ്, സ്മാം തുടങ്ങിയ വിവിധ പദ്ധതികളുടെ ഭാഗമായി ജനറൽ ആയി നൽകുന്ന പദ്ധതികളിൽ വനിതാ കർഷകരെയും ഉൾപ്പെടുത്തിയിട്ടുണ്ട്. ആദ്യമായാണ് കേരളത്തിൽ വനിതാ കർഷക സംരക്ഷണത്തിനും പ്രയാണത്തിനുംവേണ്ടി ഒരു പ്രത്യേക പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. ആ പദ്ധതിയാണ് 'കൃഷി സഖി'.

(സി) 'കൃഷി സഖി' എന്ന പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്നുകൊണ്ട് മുന്നോട്ട് കൊണ്ടുപോകാനാണ് ആലോചിക്കുന്നത്. അതിന്റെ പ്രാഥമിക നടപടികളുടെ ഭാഗമായി 300 ഓളം വരുന്ന കൃഷി സംഘങ്ങളെ മാപ്പ് ചെയ്യാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

<u>ശ്രീ. സജീവ് ജോസഫ്</u>: സർ, പ്രതിസന്ധി നേരിടുന്ന കാർഷിക മേഖലയ്ക്ക് നൂതനമായ സാങ്കേതിക വിദ്യയിലൂടെ പ്രതീക്ഷ നൽകുന്ന, പുതിയ ദിശാബോധത്തിലേക്ക് നയിക്കുന്ന സമീപനങ്ങളെ പ്രത്യേകമായി സ്വാഗതം ചെയ്യുകയാണ്. സ്ത്രീകൾ നയിക്കുന്ന കാർഷിക കൂട്ടായ്മകൾക്കും സ്വയം സഹായ സംഘങ്ങൾക്കും പിന്തുണ നൽകുന്ന പദ്ധതികൾ ഇതിന്റെ ഭാഗമാകുമോ; ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉൾപ്പെടെയുള്ള പുതിയ ടെക്നോളജി ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള പരിശീലനം തയ്യാറാക്കുമോ?

<u>ശ്രീ. ടി. സിദ്ദിഖ്</u>: വളരെ പ്രധാനപ്പെട്ട ഒരു ചോദ്യമാണ് അംഗം ഉന്നയിച്ചത്. കേരളത്തിലെ കാർഷിക മേഖലയിൽ എ.ഐ. ഉൾപ്പെടെയുള്ള നൂതന വിജ്ഞാന മേഖലകൾ

സംയോജിപ്പിച്ചുകൊണ്ട് പരീക്ഷണാടിസ്ഥാനത്തിലുള്ള നടപടികൾക്ക് നേതൃത്വം കൊടുക്കപ്പെട്ടിട്ടില്ല. തെലങ്കാനയിലെ ഖമ്മം അടക്കമുള്ള മേഖലകളിൽ മുളക് കൃഷിയിൽ ഉൾപ്പെടെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തിയതിന്റെ ഗുണഫലങ്ങൾ, അവിടെയുള്ള ഐ.ഐ.റ്റി. ഉൾപ്പെടെയുള്ള സംവിധാനത്തിന്റെ സഹായത്തോടുകൂടി നടത്തിയ പദ്ധതികളുടെ ഗുണഫലങ്ങൾ സംബന്ധിച്ച വിവരങ്ങൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ അത്തരം പദ്ധതികൾ കൃഷി വകുപ്പ് ആലോചിക്കുകയാണ്. നിലവിൽ കുരുമുളക് കൃഷിയിൽ ഉൾപ്പെടെ ഡ്രോൺ, ഐ.ഒ.റ്റി. സംവിധാനങ്ങൾ ഉൾപ്പെടെയുള്ള വിവിധ സംവിധാനങ്ങൾ അതിന്റെ ഭാഗമായി ക്രമീകരിക്കുന്നുണ്ട്. കേരളത്തിലെ കാർഷിക മേഖലയിൽ കാർബൺ ക്രെഡിറ്റ് സംവിധാനം കേരയുമായി ബന്ധപ്പെട്ട് ചെറിയ തലത്തിൽ നിലവിൽ ആവിഷ്കരിച്ചിട്ടുണ്ട്. അത് നല്ല രീതിയിൽ മുന്നോട്ട് കൊണ്ടുപോകാനുള്ള നടപടിയും കൃഷി വകുപ്പ് ആരംഭിച്ചിട്ടുണ്ട്.

<u>ശ്രീ. സജീവ് ജോസഫ്</u>: സർ, രോഗാതുരമായ പുതിയ സാഹചര്യത്തിൽ വിഷരഹിത പച്ചക്കറി ലഭ്യമാക്കുകയെന്നത് സർക്കാരിന്റെ പ്രഖ്യാപിതമായ നയസമീപനം തന്നെയാണ്. അതുസംബന്ധിച്ച് ജൈവകൃഷിയ്ക്കും മൂല്യവർദ്ധിത കാർഷിക ഉൽപന്നങ്ങളുടെ സംരഭകത്വത്തിനും പ്രത്യേകമായ പരിശീലനവും പ്രോത്സാഹന പരിപാടികളും കൃഷി വകുപ്പ് തയ്യാറാക്കുമോ?

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, ഇന്ന് നമ്മൾ നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം ജീവിതശൈലി രോഗങ്ങളും ചില രോഗങ്ങളുടെ ആധിക്യവുമാണ്. ഇതിനുള്ള ഏക പരിഹാരമാർഗം കാർഷിക വൃത്തിയിലേക്ക് നമ്മുടെ പൊതുസമൂഹത്തെ മുഴുവനായി മാറ്റുക എന്നുള്ളതാണ്. ജൈവകൃഷി ഏറ്റവും പ്രധാനപ്പെട്ട പരമ്പരാഗത കാർഷിക മാർഗമാണ്. അതിന്റെ ഭാഗമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 'കതിർ' ഉൾപ്പെടെയുള്ള പുതിയ പദ്ധതി സംസ്ഥാന കൃഷി വകുപ്പ് വിഭാവനം ചെയ്ത് മുന്നോട്ടുപോവുകയാണ്. അതോടൊപ്പം കേന്ദ്ര-സംസ്ഥാന സർക്കാർ സ്കീമുകളെല്ലാം ഇതിനുവേണ്ടിയുണ്ട്. ആയത് ശക്തിപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കും.

*30-06-2026*
*Question Hour*

ശ്രീ. കെ. ജയന്ത്: സർ, കാർഷികവൃത്തിയിലേക്ക് ജനങ്ങളെ മടക്കിക്കൊണ്ടുവരുമെന്നുള്ള കൃഷിമന്ത്രിയുടെ സ്റ്റേറ്റ്മെന്റ് വളരെ സ്വാഗതാർഹമാണ്. പക്ഷേ നിരന്തരമായി ശ്രമങ്ങൾ നടത്തുമ്പോഴും കർഷകർക്ക് അവഗണന മാത്രമാണ് ലഭിക്കുന്നതെന്നത് ഏറെ സങ്കടകരമാണ്. കർഷകർക്ക് അവരുടെ ഉൽപന്നങ്ങളുടെ കുടിശ്ശികപോലും ലഭിക്കാതെ ഓഫീസുകൾ കയറിയിറങ്ങേണ്ടിവരുന്ന സങ്കടകരമായ കഥകൾ നമ്മൾ കേട്ടിട്ടുണ്ട്. അന്നം തരുന്നവരെ അംഗീകരിച്ചില്ലെങ്കിലും അവരെ അവഗണിക്കരുത്, അവരെ വെയിലത്തും മഴയത്തും നിർത്തരുത്. കാർഷികവൃത്തിയുമായി ബന്ധപ്പെട്ട് ക്ഷേമനിധികളിലും വിവിധ പദ്ധതികളിലുമായി കർഷകർക്ക് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കൊടുത്തു തീർക്കാനുള്ള തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ശ്രീ. ടി. സിദ്ദിഖ്: സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ചോദ്യത്തിന് ദീർഘമായ ഒരു മറുപടി ആവശ്യമുണ്ട്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഇൻഷ്വർ ചെയ്ത കർഷകരിൽ 2025 മുതൽ നാളിതുവരെയായി 10026 കർഷകർക്ക് 32.73 കോടി രൂപ കുടിശ്ശികയായി നൽകാനുണ്ട്. Weather based crop insurance-മായി ബന്ധപ്പെട്ടുകൊണ്ട് 45.9 കോടി രൂപ സർക്കാരിന് കുടിശ്ശികയുണ്ട്. പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതിയുമായി ബന്ധപ്പെട്ട് ഇൻഷ്വറൻസ് എടുക്കാതിരിക്കുന്ന വിവിധ കർഷകർക്ക് പ്രകൃതിക്ഷോഭം മുഖേന നഷ്ടമുണ്ടാകുമ്പോൾ അത് നൽകുന്നതിനുവേണ്ടിയുള്ള വിഹിതത്തിൽ 2021 മുതലുള്ള തുക മുഴുവൻ പെൻഡിങ് ആണ്. 90 കോടി രൂപ ഈയിനത്തിൽ കൊടുത്തുതീർക്കാനുണ്ട്.

കർഷക കടാശ്വാസ കമ്മീഷൻ ഏറ്റവും പ്രധാനപ്പെട്ട ഒരു നിയമനിർമ്മാണമായിരുന്നു. കർഷകർക്ക് കടാശ്വാസ കമ്മീഷൻ അവാർഡ് അനുവദിച്ച തുകയിൽ സർക്കാരിന്റെ വിഹിതം കൊടുക്കാത്തതിന്റെ പേരിൽ പ്രമാണം കിട്ടാത്തതായ പ്രശ്നം ഉൾപ്പെടെ വിവിധ കാര്യങ്ങൾ നിലനിൽക്കുകയാണ്. 277 കോടി രൂപ ഈ കാര്യത്തിൽ പെൻഡിങാണ്. മറ്റൊരു പ്രധാന കാര്യം വിവിധങ്ങളായ പർച്ചേസുകളിലും പെൻഡിങ്ങുണ്ട്. കർഷക കടാശ്വാസ ക്ഷേമനിധിയുമായി ബന്ധപ്പെട്ട് 2019-ൽ സംസ്ഥാന സർക്കാർ ആക്റ്റ് പാസ്സാക്കുകയും അതിനുശേഷം 2020-ൽ ക്ഷേമനിധി ബോർഡ് നിലവിൽ വരികയും ചെയ്തു. 12000

കർഷകർ അതിൽ രജിസ്റ്റർ ചെയ്തു. പക്ഷേ കർഷകരിൽനിന്ന് അവരുടെ അംശാദായം വാങ്ങുന്നുണ്ടെങ്കിലും ഒരു നയാപൈസപോലും സംസ്ഥാന സർക്കാർ അടക്കേണ്ട വിഹിതം ഇതുവരെ അടച്ചിട്ടില്ല. 2026 ഡിസംബർ മാസം ആകുമ്പോൾ അത് ഡ്യൂ ആകുകയാണ്. ഇതുവരെ 3 കൊല്ലത്തിലധികമായിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് നടപ്പിലാക്കേണ്ട ഫയൽ കഴിഞ്ഞ സർക്കാരിന്റെ മുമ്പിൽ കാത്തുകെട്ടികിടന്നിരുന്നു. പക്ഷേ ഒരു നടപടിയുമെടുക്കാതെ ആ പദ്ധതി അനിശ്ചിതമായി തുടരുകയാണ്.

<u>ശ്രീ. വി. എസ്. ജോയി</u>: സർ, എന്റെ നിയോജകമണ്ഡലമായ തവനൂരിൽ ഒരു കാർഷിക എഞ്ചിനീയറിങ് കോളേജ് പ്രവർത്തിക്കുന്നുണ്ട്. നിലവിൽ കാർഷിക സർവകലാശാലയ്ക്ക് കീഴിൽ പ്രവർത്തിക്കുന്ന ഈ കാർഷിക എഞ്ചിനീയറിങ് കോളേജിന്റെ അനുബന്ധമായുള്ള നൂറിലധികം ഏക്കർ വരുന്ന സ്ഥലം പ്രയോജനപ്പെടുത്തി പുതിയ ഒരു കാർഷിക കോളേജ് സർക്കാർ സ്ഥാപിക്കുമോ? ബി.എസ്.സി. അഗ്രിക്കൾച്ചർ, ബി.എസ്.സി. ബയോടെക്നോളജി, ബി.എസ്.സി. ഹോർട്ടിക്കൾച്ചർ അതോടൊപ്പം ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ച എ.ഐ. നൂതന കോഴ്സുകൾ ഉൾപ്പെടുത്തി അവിടെ ഒരു കാർഷിക കോളേജ് സ്ഥാപിക്കാൻ കഴിഞ്ഞാൽ കുട്ടനാട് എന്ന കേരളത്തിന്റെ നെല്ലറയോട് കിടപിടിക്കുന്ന കോൾ പാടങ്ങളുള്ള ആ കാർഷിക മേഖലയ്ക്ക് അത് പ്രയോജനകരമായിരിക്കും. കാർഷിക മേഖലയിൽനിന്ന് അകന്നുപോകുന്ന ചെറുപ്പക്കാരെ ആ മേഖലയിലേക്ക് ചേർത്തുനിർത്താൻ കഴിയുന്ന നൂതന കോഴ്സുകൾ ഉൾപ്പെടുത്തി ഒരു കാർഷിക കോളേജ് അവിടെ സ്ഥാപിക്കുമോ?

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, ഈ വിഷയവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട അംഗം എന്നെ രണ്ടുതവണ കണ്ടിരുന്നു. മറ്റ് ചില അംഗങ്ങളും ഇതുസംബന്ധിച്ച് സൂചിപ്പിച്ചിരുന്നു. ഇത് ഒരു പ്രധാന ആവശ്യമാണ്. ഇതിൽ ജനറൽ ആയി ഒരു കാര്യം പറയാം. കേരളത്തിലെ വിവിധ എഞ്ചിനീയറിങ്, ആർട്സ് ആന്റ് സയൻസ് കോളേജുകളും വിവിധ കോഴ്സുകളുമൊക്കെ നമ്മൾ കൊണ്ടുവന്നെങ്കിലും അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട് ഇന്നും നൂറുകണക്കിന് വിദ്യാർഥികൾ പുറത്തു പഠിക്കുന്ന സാഹചര്യമുണ്ട്. അത്തരമൊരു സാഹചര്യത്തിൽ ഏതൊക്കെ തരത്തിൽ കേരളത്തിൽ അഗ്രിക്കൾച്ചറൽ

കോഴ്സുകൾ കൂടുതലായി കൊണ്ടുവരാമെന്നുള്ള സാധ്യതകൾ ആരായും. നിലവിൽ അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ മനോഹരമായ ക്യാമ്പസ് തവനൂരിൽ ഉണ്ട്. അതിനാവശ്യമായ നടപടിയെക്കുറിച്ച് ആലോചിക്കാവുന്നതാണ്.

ശ്രീ. കെ. പി. നൗഷാദ് അലി: സർ, സ്ത്രീ ശാക്തീകരണത്തിന്റെ ആദ്യ ചുവടും ആ ലക്ഷ്യം നിറവേറുന്നതിലുള്ള പ്രധാന നാഴികക്കല്ലും അവരെ സാമ്പത്തികമായി സ്വയം പര്യാപ്തരാക്കുക എന്നുള്ളതാണ്. കളനാശിനി, കീടനാശിനി, ഫംഗസ്, പായൽ, പൂപ്പൽ നാശിനിയുമൊന്നുമില്ലാത്ത, ജനിതകമാറ്റം വരുത്തി അനാരോഗ്യകരമാകാത്ത ധാന്യവിളകൾക്കൊക്കെ വലിയ തോതിൽ വിപണി നമ്മുടെയിടയിലുണ്ട്. സ്ത്രീകളെ അത്തരം രംഗത്ത് പരിശീലനം കൊടുത്ത് അവരെ ആ രംഗത്തെ ഉൽപാദകരാക്കി മാറ്റുകയും അവരെയും കസ്റ്റമറെയും നേരിട്ട് ബന്ധിപ്പിക്കുന്ന പ്രൊസ്യൂമർ പോലെയുള്ള ഇടനിലക്കാരില്ലാത്ത സങ്കേതങ്ങൾ അവിടെ പരിചയപ്പെടുത്തുകയും ചെയ്യുന്ന രീതികൾക്ക് സാധ്യതയുണ്ടോ? അത്തരം ആലോചനകൾ ഉണ്ടാകുന്നത് നന്നാകും എന്നൊരു അഭിപ്രായം രേഖപ്പെടുത്തുന്നു.

ശ്രീ. ടി. സിദ്ദിഖ്: സർ, കർഷകർ നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രതിസന്ധി അവർ ഉൽപാദിപ്പിക്കുന്ന വിളകൾക്ക് മാർക്കറ്റ് ലഭ്യമാകാനുള്ള ബുദ്ധിമുട്ടാണ്. അതിൽ MSME-യുമായി ബന്ധപ്പെട്ടതും, കാലാവസ്ഥയുടെയും, അവർക്കാവശ്യമായ വിഭവങ്ങൾ ലഭ്യമാകാത്തതും പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമാകാത്തതുമായ പ്രശ്നമുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് ഇടനിലക്കാരില്ലാതെ അവരുടെ വിളകൾക്ക് സൗകര്യപ്രദമായ വിപണി കണ്ടെത്താൻ ആവശ്യമായിട്ടുള്ള നടപടികളെക്കുറിച്ചാണ്. കേരളത്തിലെ കൃഷിവകുപ്പിൽ മാർക്കറ്റിങ്, ബിസിനസ്സ് ഡെവലപ്മെന്റ് ഡിവിഷൻ നിലവിലില്ല. അതില്ലാത്തതുകൊണ്ട് തന്നെ രണ്ട് കാര്യങ്ങളാണുള്ളത്. ഒന്ന്, നമ്മുടെ കർഷകരെ ഇന്റർനാഷണൽ സ്റ്റാൻഡേർഡ്സിലേക്കും സർട്ടിഫിക്കേഷൻസിലേക്കും ഉയർത്താനുള്ള നടപടി. രണ്ടാമത്, മാർക്കറ്റിങ് ബിസിനസ്സ് ഡെവലപ്മെന്റ് ഡിവിഷൻ ആരംഭിക്കാനുള്ള നടപടി. റീസ്ട്രക്ച്ചറിങ് ഉൾപ്പെടെയുള്ള കാര്യങ്ങൾ ചർച്ചചെയ്തുകൊണ്ടിരിക്കുകയാണ്. വളരെ ഗൗരവത്തോടുകൂടി ഈ കാര്യത്തിൽ നടപടിയുണ്ടാകും.

*30-06-2026*
*Question Hour*

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, വനിതകളുടെ കൂട്ടായ്മകൾ വഴി കൂടുതലായി കാർഷിക മേഖലയിൽ എന്തെല്ലാം ചെയ്യാമെന്നുള്ള ചോദ്യമാണ് ഞാൻ ഉദ്ദേശിക്കുന്നത്? ഇപ്പോൾ ധാരാളം കൃഷിഭൂമികൾ ഉപയോഗിക്കാതെ കിടക്കുന്നുണ്ട്. അതിനകത്ത് വനിതകളുടെ കൂട്ടായ്മ ശക്തമായി വരികയാണെങ്കിൽ അതിന്റെ Production, Value Added Production, Marketing വരെയുള്ള കാര്യങ്ങളിലേയ്ക്ക് എത്തിക്കുന്നതരത്തിലേക്കുള്ള കാര്യങ്ങൾ ചെയ്യുമോ? പ്രത്യേകിച്ച് Floriculture, Horticulture തുടങ്ങിയവ. ഇപ്പോൾ പെട്രോളിയം ഉൽപ്പന്നങ്ങളിൽ നമ്മുടെ രാജ്യത്ത് 85 ശതമാനം വരെ എഥനോൾ ചേർക്കുന്ന തരത്തിലേക്ക് കാര്യങ്ങൾ വന്നിട്ടുണ്ട്. ധാരാളം കൃഷി ഭൂമി നമ്മുടെ നാട്ടിൻ പ്രദേശങ്ങളിലുണ്ട്. ധാന്യങ്ങളുടെ ഉൽപാദനത്തെ ബാധിക്കാതെ എഥനോൾ പ്രൊഡക്ഷനുൾപ്പെടെ പറ്റുന്നതരത്തിലേക്കുള്ള കാര്യങ്ങൾ ഈ കൂട്ടായ്മയുടെ ഭാഗമായിട്ട് ഡെവലപ്പ് ചെയ്യുന്നതിനുവേണ്ടിയുള്ള സ്കീമുകൾ തയ്യാറാക്കുമോ? വിഴിഞ്ഞം പോർട്ടുൾപ്പെടെ വന്ന സ്ഥിതിക്ക് Horticulture ആയാലും Floriculture ആയാലും അത് റെഫ്രിജറേറ്റഡ് ഗോഡൗൺസ് അടക്കമുള്ള കാര്യങ്ങൾ ഈ കൂട്ടായ്മയ്ക്ക് തയ്യാറാക്കികൊടുത്തു കഴിഞ്ഞാൽ അത് മാർക്കറ്റ് ചെയ്യുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾ ചെയ്യാൻ സാധിക്കും. അതിനുള്ള പദ്ധതികൾ തയ്യാറാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. ടി. സിദ്ദിഖ്): സർ, കേരളത്തിലെ തരിശായ ലാൻഡ് മുഴവൻ മാപ്പ് ചെയ്യാൻ വേണ്ടി കഴിഞ്ഞ ആഴ്ചയിൽ ഉദ്യോഗസ്ഥരുടെ യോഗം വിളിക്കുകയും കൃഷി ചെയ്യാത്തതായിട്ടുള്ള ഗവൺമെന്റ് ലാൻഡ്സും പ്രൈവറ്റ് ലാൻഡ്സും ആയത് മുഴവൻ മാപ്പ് ചെയ്യാനുള്ള നിർദേശം നൽകിയിട്ടുമുണ്ട്. ആ മാപ്പ് ചെയ്തത് ലഭ്യമായി കഴിഞ്ഞാൽ അടുത്ത് മിഷൻ നമ്മുടെ ഭക്ഷ്യകാര്യത്തിനുള്ളതായ സ്വയംപര്യാപ്തതയുടെ അടുത്തുവരെ എത്തുന്ന രീതിയിലുള്ള ഒരു മൂവ്മെന്റാണ്. അതിന് ഇത് പ്രധാനപ്പെട്ട പങ്കാളിത്തം വഹിക്കും. ഉൽപാദനം മാത്രമല്ല, നേരത്തെ സൂചിപ്പിച്ച ഇന്റർനാഷനൽ സ്റ്റാന്റേർഡ്സിലേക്കും സർട്ടിഫിക്കേഷനിലേക്കും നമ്മുടെ കർഷകരെ ഉയർത്തുകയും ആ വിളകൾ സൂക്ഷിക്കുന്നതിനായിട്ടുള്ള ഇടം, നേരത്തെ സൂചിപ്പിച്ച കോൾഡ് ചെയിൻ ബ്ലോക്ക്സ് ഉൾപ്പെടെയുള്ള വിവിധങ്ങളായിട്ടുള്ള സംവിധാനങ്ങൾ ഉണ്ട്. വെയർഹൗസിങ്

സംവിധാനത്തിൽ ഉപയോഗിക്കാത്തതായിട്ടുള്ള മേഖലകൾ Identify ചെയ്യാൻ നിർദേശം നൽകിയിട്ടുണ്ട്. പുതിയതായിരിക്കുന്ന കോൾഡ്ചെയിൻ ബ്ലോക്ക്സുൾപ്പെടെ വരും. ഇതെല്ലാം ഉപയോഗിച്ചുകൊണ്ട് നേരത്തെപറഞ്ഞ സംവിധാനങ്ങൾ എഥനോൾ പ്രൊഡക്ഷൻ സംവിധാനങ്ങളുടെ മേഖലകളുൾപ്പെടെ ധാന്യ വിഷയത്തിൽ ഒരു ബുദ്ധിമുട്ടുമില്ലാതെ അതു മുഴുവൻ കയറ്റുമതി ഉൾപ്പെടെ എല്ലാ സാധ്യതകളും പരിശോധിക്കും.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u> സർ, കേരളത്തിലെ കർഷകരെ സഹായിക്കുന്നതിനുവേണ്ടിയാണ് കാർഷിക യൂണിവേഴ്സിറ്റി. കാർഷിക യൂണിവേഴ്സിറ്റിയുടെ കീഴിൽ വിവിധ ജില്ലകളിൽ കാർഷിക ഗവേഷണ കേന്ദ്രങ്ങളുണ്ട്. മാത്രമല്ല കർഷകർ അവർ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങൾ വിറ്റഴിക്കാൻ കഴിയാത്ത സാഹചര്യങ്ങളുണ്ട്. ജില്ലകളെടുത്ത് പരിശോധിക്കുമ്പോൾ ഇവിടെ സൂചിപ്പിച്ചതുപോലെ നിരവധി ഭൂമി വെറുതെ കിടക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ സുൽത്താൻ ബത്തേരി അമ്മായിപാലം. അവിടെ പത്ത് ഏക്കർ ഭൂമി കൃഷി ഡിപ്പാർട്ടുമെന്റിന്റെ കൈയ്യിലാണുള്ളത്. അവിടെ കർഷകരുടെ ഉൽപന്നങ്ങൾ സംഭരിക്കാനുള്ള സംഭരണ കേന്ദ്രങ്ങൾ വിപുലപെടുത്താനുള്ള സാഹചര്യങ്ങളുണ്ടാകുമോ എന്നുള്ളതാണ് എന്റെ ചോദ്യം?

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. ടി. സിദ്ദിഖ്</u>): സർ, കേരളത്തിലെ അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ടിരിക്കുന്ന ഗവേഷണ കേന്ദ്രങ്ങളെക്കുറിച്ച് ബഹു. അംഗം ഇവിടെ സൂചിപ്പിച്ചു. അതിൽ അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയുടെ Scientific thoughts-ഉം അതിന്റെ Experiments-ഉം അതിന്റെ Result-ഉം products-ഉം കർഷകന് യഥാവിധി ലഭ്യമാക്കി അത് ഗുണപരമായ രീതിയിൽ കൊണ്ടുപോകുന്നതിന് ചില മേഖലകളിൽ ചെറിയൊരു ഗ്യാപ്പുണ്ട്. ആ ഗ്യാപ്പ് Identify ചെയ്യുന്നതിനു വേണ്ടിയുള്ള നടപടികളിലേക്ക് കൃഷി വകുപ്പ് കടക്കുകയാണ്. കർഷകനും അഗ്രികൾച്ചറൽ റിസേർച്ചും തമ്മിലുള്ള ഗ്യാപ്പ് ഫിൽ ചെയ്യുന്നതോടുകൂടി ആ പ്രശ്നം അവസാനിക്കും. അദ്ദേഹം ചോദിച്ച രണ്ടാമത്തെ സ്പെസിഫിക്കായ ചോദ്യം ബത്തേരിയിലെ അമ്മായി പാലവുമായി ബന്ധപ്പെട്ടതാണ്, അവിടെയുള്ള മാർക്കറ്റുമായി ബന്ധപ്പെട്ടതാണ്. ആ സ്ഥലത്ത് എം.എൽ.എ-യോടൊപ്പം വിസിറ്റ് ചെയ്യാനുള്ള നടപടി സ്വീകരിക്കും. അതിനെ വിഭാവനം ചെയ്ത് പൂർണ്ണതയിൽ

എത്തിക്കാനുള്ള നടപടിയും സ്വീകരിക്കും. അതോടൊപ്പം വേങ്ങേരിയിലുള്ള മാർക്കറ്റിനെക്കുറിച്ച് ശ്രീ. കെ. ജയന്ത് ഇവിടെ സൂചിപ്പിച്ചിരിക്കുന്നു. അത്തരം നിശ്ചലമായി കിടക്കുന്ന മാർക്കറ്റുകളും മറ്റു കാര്യങ്ങളും അനുഭാവപൂർവം ഗവൺമെന്റ് പരിശോധിച്ച് വേണ്ട തിരുത്തലുകളും എംപവർമെന്റ് സ്കീമും കൊണ്ടുവരും.

ശ്രീ. പി. പ്രസാദ്: സർ, ബഹു. മന്ത്രി വിളനാശത്തെക്കുറിച്ചും കൃഷി വകുപ്പ് നൽകാനുള്ള കുടിശ്ശികയുടെയും കാര്യത്തെ സംബന്ധിച്ച് ഇവിടെ പറയുകയുണ്ടായി. 2021 മുതൽ നൽകാനുള്ള കണക്ക് പറയുമ്പോൾ ആ കാലഘട്ടത്തിൽ ഒരു പൈസപോലും നൽകിയില്ലെന്നുള്ളൊരു ധ്വനിയുണ്ട്. കോടിക്കണക്കിന് രൂപ അക്കാലത്ത് നൽകിയിട്ടുണ്ട്. 15-03-2026-ലെ ക്യാബിനറ്റ് തീരുമാനപ്രകാരം വിളനാശത്തിന്റെയും വിള ഇൻഷ്വറൻസിന്റെയും അന്നുവരെയുള്ള മുഴുവൻ കുടിശ്ശികയും കൊടുത്തുതീർക്കുന്നതിനുവേണ്ടി തീരുമാനമെടുക്കുകയും സ.ഉ.(കൈ) നം. 160/2026/ആർ.ഡി. ഉത്തരവ് പ്രകാരം ആ തുക പൂർണ്ണമായും അനുവദിക്കുകയും ചെയ്തു. പക്ഷെ ഉദ്യോഗസ്ഥന്മാരുടെ അലംഭാവം കൊണ്ട് ആ തുക കൊടുത്തു തീർക്കാതിരിക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സർക്കാർ ഉത്തരവിൻ പ്രകാരം മുഴുവൻ തുകയും കൊടുത്തുതീർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. ടി. സിദ്ദിഖ്): സർ, ടി സർക്കാർ ഉത്തരവും അതിനെത്തുടർന്ന് നടപ്പിലാക്കാനുള്ള പണത്തിന്റെ ലഭ്യതയും അനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**ഉന്നത വിദ്യാഭ്യാസ മേഖലയുടെ ആധുനികീകരണം**

(*124) ശ്രീ. വിനു ജോബ് കുഴിമണ്ണിൽ:

ശ്രീ. അപു ജോൺ ജോസഫ്:

ശ്രീ. ഷിബു തെക്കുംപുറം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

*30-06-2026*
*Question Hour*

(എ) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയെ അതിന്റെ സാമൂഹിക സ്വഭാവവും പ്രാപ്യതയും നിലനിർത്തിക്കൊണ്ട് ആധുനികീകരിക്കുന്നതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ;

(ബി) ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ മികവിന്റെയും ഗവേഷണത്തിന്റെയും കേന്ദ്രങ്ങളാക്കുകയെന്ന ലക്ഷ്യത്തോടെ അക്കാദമിക് സ്ഥാപനങ്ങൾക്കും വ്യവസായ ഗവേഷണ സ്ഥാപനങ്ങൾക്കുമിടയിലുള്ള സഹകരണം സാധ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ; ഇതിനായി ഒരു അപ്രന്റിസ്ഷിപ് എക്സ്ചേഞ്ച് പ്ലാറ്റ്ഫോം വികസിപ്പിക്കാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് നിന്നുള്ള അക്കാദമിക് പലായനം കുറയ്ക്കുന്നതിനും പ്രഗത്ഭരായ വിദ്യാർത്ഥികളെ കേരളത്തിൽ നിലനിർത്തുന്നതിനും വേണ്ടി വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ഡി) സംസ്ഥാനത്ത് അന്തർദേശീയ തലത്തിൽ മത്സരക്ഷമതയുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ കരുപ്പിടിപ്പിക്കുന്നതിലൂടെ അക്കാദമിക് ടൂറിസത്തിനുള്ള സാധ്യതകൾ ഉയർത്താനാകുമെന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ?

ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. റോജി എം. ജോൺ): സർ, (എ) സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ മേഖലയെ ആധുനികീകരിക്കുന്നതിനായി സമഗ്രമായ പരിഷ്കാരങ്ങൾ നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. വിദ്യാഭ്യാസത്തെ തൊഴിൽസാധ്യതകൾ ഉറപ്പാക്കുന്ന സംവിധാനമായും ഗവേഷണത്തിനും പുതുമയുള്ള ആശയങ്ങൾക്കും പ്രാധാന്യം നൽകുന്ന അക്കാദമിക അന്തരീക്ഷമായും വികസിപ്പിക്കുക എന്നതാണ് ലക്ഷ്യം. മാറുന്ന തൊഴിൽസാധ്യതകൾ കണക്കിലെടുത്ത് പാഠ്യപദ്ധതിയും നൈപുണ്യ വികസന പരിപാടികളും പരിഷ്കരിക്കും. പുതിയ സർക്കാരിന്റെ പ്രാഥമിക കാര്യപരിപാടികളുടെ ഭാഗമായി നിർമ്മിത ബുദ്ധി, ക്വാണ്ടം കമ്പ്യൂട്ടിങ്, ബയോടെക്നോളജി തുടങ്ങിയ അത്യാധുനിക സാങ്കേതികവിദ്യകളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി Future Readiness Think Tank രൂപീകരിക്കും.

വിദ്യാർഥികളുടെ സുരക്ഷയും ക്ഷേമവും ഉറപ്പാക്കുന്നതിനായി Sidharthan App, Campus Ombudsman സംവിധാനം എന്നിവ നടപ്പിലാക്കുന്നതിനും ഉദ്ദേശിക്കുന്നു.

(ബി)ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ മികവിന്റെയും ഗവേഷണത്തിന്റെയും കേന്ദ്രങ്ങളാക്കുന്നതിനായി അക്കാദമിക സ്ഥാപനങ്ങളും വ്യവസായ മേഖലയും തമ്മിലുള്ള സഹകരണം ശക്തിപ്പെടുത്തുന്നതാണ്. വിദ്യാർഥികളെയും വ്യവസായ മേഖലയെയും ബന്ധിപ്പിക്കുന്ന ഒരു സംസ്ഥാന വ്യാപക Apprenticeship Exchange Platform വികസിപ്പിക്കും. Employment-oriented Academic Programmes കാലാനുസൃതമായി പുതുക്കുന്നതിനായി Job Watch Tower (JWT) സ്ഥാപിക്കാനും ഉദ്ദേശിക്കുന്നു. കൂടാതെ Industry-Academia Collaboration ശക്തിപ്പെടുത്തുന്നതിനായി Industry on Campus – Earn and Learn പദ്ധതി വ്യാപിപ്പിക്കുകയും വിദ്യാർഥികൾക്ക് പഠനത്തോടൊപ്പം തൊഴിൽപരിചയവും വരുമാനവും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും. Faculty-led Start-ups, Consultancy Ventures, Section 8 Companies എന്നിവയ്ക്ക് അനുമതി നൽകി 'research, development & innovation' പ്രോത്സാഹിപ്പിക്കുന്നതുമാണ്.

(സി)സംസ്ഥാനത്ത് നിന്നുള്ള അക്കാദമിക് പലായനം കുറയ്ക്കുന്നതിനും പ്രഗത്ഭരായ വിദ്യാർഥികളെ കേരളത്തിൽ നിലനിർത്തുന്നതിനുമായി ആഗോളതലത്തിൽ മത്സരാധിഷ്ഠിത ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ വികസിപ്പിക്കുന്നതിന് സർക്കാർ പ്രത്യേക ശ്രദ്ധ നൽകും. വിദേശ വിദ്യാർഥികളെ ആകർഷിക്കുന്ന Semester in Kerala പദ്ധതിയിലൂടെ അക്കാദമിക് ടൂറിസം ശക്തിപ്പെടുത്തും. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഗവേഷണ സൗകര്യങ്ങൾ, Innovation Centres, Incubation Ecosystems എന്നിവ സംയോജിപ്പിച്ച Global Knowledge Exchange Park (KEP) സ്ഥാപിക്കും. കൂടാതെ വിദ്യാർഥികൾക്ക് വേഗത്തിൽ തൊഴിൽ ലഭ്യമാക്കുന്നതിനായി Bridge Programmes, Apprenticeship അവസരങ്ങൾ, AI അധിഷ്ഠിത പഠന-ഗവേഷണ സംവിധാനങ്ങൾ എന്നിവ നടപ്പിലാക്കും.

(ഡി) ഉണ്ട്. അന്തർദേശീയ തലത്തിൽ മത്സരക്ഷമതയുള്ള തരത്തിലേക്ക് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ മാറുന്നതോടുകൂടി വിദേശ വിദ്യാർഥികൾക്ക് കേരളത്തിൽ

പഠനാവസരം ഒരുക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള Semester in Kerala പദ്ധതി ശക്തിപ്പെടുത്തും. ദേശീയ-അന്തർദേശീയ Academic Collaboration, Exchange Programmes, Joint Initiatives എന്നിവ പ്രോത്സാഹിപ്പിക്കുകയും കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയെ ആഗോളതലത്തിൽ പരിചയപ്പെടുത്തുന്നതിനായി Education Fairs സംഘടിപ്പിക്കുകയും ചെയ്യും. Global Knowledge Exchange Park (KEP) പോലുള്ള സംരംഭങ്ങൾ അന്തർദേശീയ വിദ്യാർഥികളുടെ കേരളത്തോടുള്ള ആകർഷണം വർധിപ്പിക്കുന്നതിനും അക്കാദമിക് ടൂറിസം ശക്തിപ്പെടുത്തുന്നതിനും സഹായകരമാകും.

<u>ശ്രീ. വിനു ജോബ് കുഴിമണ്ണിൽ:</u> സർ, ഉന്നത വിദ്യാഭ്യാസ രംഗത്ത് വൻതോതിൽ ബ്രെയിൻ ഡ്രെയിൻ സംഭവിച്ചുകൊണ്ടിരിക്കുകയാണ്. പ്രതിഭാ പാലായനം, അതായത് ഇവിടുത്തെ ആർട്സ് & സയൻസ് കോളേജുകളിൽ സീറ്റുകൾ യഥേഷ്ടം ഒഴിഞ്ഞ് കിടക്കുകയാണ്. ഇവിടെ പഠിച്ചിറങ്ങുന്നവരാകട്ടെ നല്ല ശതമാനം തൊഴിൽക്ഷമത ചോദ്യം ചെയ്യപ്പെടുന്നു. ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും അവർക്ക് നിർദേശം കണ്ടെത്താനുംവേണ്ടി വിവിധ ഏജൻസികൾ മുന്നോട്ടുവച്ച നിർദേശങ്ങളും നടപടികളും വിലയിരുത്താൻ സമഗ്രമായൊരു അക്കാദമിക്ക് ഓഡിറ്റ് സർക്കാർ തലത്തിൽ ഉണ്ടാകുമോ?

<u>ശ്രീ. റോജി എം. ജോൺ</u>: സർ, തീർച്ചയായും വളരെ ഗൗരവമായ വിഷയമാണ് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചിരിക്കുന്നത്. നമ്മുടെ സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അക്കാദമിക നിലവാരം ഉയർത്തുന്നതിനും അവിടുത്തെ തൊഴിൽ സാധ്യതകൾ വളർത്തിയെടുക്കുന്നതിനുമായി കാലാനുസൃതമാറ്റം അനിവാര്യമായിട്ടുണ്ട്. സമഗ്രമായ പരിഷ്കാരങ്ങൾ കൊണ്ടുവരേണ്ടതായിട്ട് വരും. അത് വിശദമായി ചർച്ചചെയ്ത് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശ്രീ. വിനു ജോബ് കുഴിമണ്ണിൽ:</u> സർ, നമ്മുടെ നാട്ടിലെ മാതാപിതാക്കൾ സ്വന്തം വീടും പുരയിടവുമൊക്കെ പണയം വച്ച് നമ്മുടെ മക്കളെ അന്യസംസ്ഥാനത്തും അന്യരാജ്യങ്ങളിലും വിടുകയാണ്. എന്നാൽ മറ്റു രാജ്യങ്ങളിലെ വിദ്യാർഥികളെയും അധ്യാപകരെയും നമ്മുടെ നാട്ടിലേക്ക് ആകർഷിക്കാൻ വേണ്ടി എന്ത് നടപടിയാണ് സ്വീകരിക്കുക? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രസംഗത്തിൽ ഇത് നോളേജ്

എക്സ്പ്ലോഷന്റെ കാലഘട്ടമാണെന്നും ഈ മേഖലയിൽ കരിക്കുലം റീ-സ്ട്രക്ച്ചർ ചെയ്യുമെന്നും പുതിയ അക്കാദമിക് പ്രോഗ്രാമുണ്ടാക്കുമെന്നും പറഞ്ഞിരുന്നു. ഇതിന്റെ ഔട്ട് പുട്ടും സാധ്യതയുമൊക്കെ എന്തായിരിക്കും?

ശ്രീ. റോജി എം. ജോൺ: സർ, പ്രധാനപ്പെട്ടൊരു ചോദ്യമാണിത്. ഇവിടെ പറഞ്ഞതുപോലെ കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയിൽ നമുക്കുള്ള comparative advantage ഫലപ്രദമായി പ്രയോജനപ്പെടുത്താൻ സാധിച്ചില്ലെന്നുള്ളത് ഒരു യാഥാർഥ്യം തന്നെയാണ്. നമ്മുടെ വിദ്യാർഥികൾ മറ്റു സംസ്ഥാനങ്ങളിലും വിദേശ രാജ്യങ്ങളിലും പോയി പഠിക്കുമ്പോൾ അവിടുന്നുള്ള വിദ്യാർഥികൾ ഇവിടേക്ക് വരുന്നില്ലെന്നുള്ളതാണ്. ബാംഗ്ലൂർ, ചെന്നൈ പോലെയുള്ള നഗരങ്ങളിലോ മെട്രോപൊളിറ്റൻ നഗരങ്ങൾ അല്ലാത്ത കോയമ്പത്തൂർ, മൈസൂർ എന്നിവിടങ്ങളിൽ വിവിധ സംസ്ഥാനങ്ങളിലെ വിദ്യാർഥികൾ ഒരു ക്ലാസ്റൂമിലിരിക്കുന്നത് കാണാൻ സാധിക്കും. കേരളത്തെ സംബന്ധിച്ച് ശരാശരി ക്ലാസ് മുറി പരിശോധിച്ചാൽ കേരളത്തിൽ നിന്നുള്ള വിദ്യാർഥികൾ മാത്രമായിരിക്കും അവിടെയുണ്ടാകുക. നമ്മുടെ വിദ്യാർഥികൾ പുറത്തേക്ക് പോകുന്നത് എന്തുകൊണ്ടാണെന്ന് കൃത്യമായി പരിശോധിച്ച് ആ വിദ്യാർഥികൾക്ക് ആവശ്യമായ സൗകര്യങ്ങൾ കേരളത്തിൽ തന്നെയൊരുക്കാനുള്ള നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകും. കേരളത്തിന്റെ പുറത്തുള്ള കുട്ടികളെ കേരളത്തിനകത്തേക്ക് ആകർഷിക്കുന്ന തരത്തിലുള്ള പരിപാടികൾ ആവിഷ്കരിച്ച് മുന്നോട്ടുപോകുവാനാണ് സർക്കാർ ആലോചിക്കുന്നത്.

ശ്രീ. അപു ജോൺ ജോസഫ്: സർ, ഇന്നലെ മുഖ്യമന്ത്രി ഇവിടെ റിവേഴ്സ് റമിറ്റൻസിന്റെ കാര്യം സൂചിപ്പിച്ചിരുന്നു. അത് അന്യസംസ്ഥാന തൊഴിലാളികളുടെ കാര്യത്തിൽ മാത്രമല്ല. നമ്മുടെ സംസ്ഥാനത്തു നിന്ന് വിദേശരാജ്യങ്ങളിലേക്ക് പഠിക്കാൻ പോകുന്ന വിദ്യാർഥികളുടെ ഫീസും മറ്റു ജീവിത ചെലവുകളും അതിൽ ഉൾപ്പെടുന്നു. ഈ ഒരു പശ്ചാത്തലത്തിൽ കേരളത്തിലെ നിലവിലുള്ള വിദ്യാഭ്യാസ സൗകര്യങ്ങൾ വർധിപ്പിക്കുന്നതോടൊപ്പം വിദേശ യൂണിവേഴ്സിറ്റികളുടെ ഓഫ് ക്യാമ്പസുകൾ നമ്മുടെ സംസ്ഥാനത്ത് തുടങ്ങുന്നതിനുള്ള പദ്ധതിയുണ്ടോ? സർക്കാർ പ്രഖ്യാപിച്ച ഫിലിം ആൻഡ് മീഡിയ സിറ്റിയുടെ ഭാഗമായി International School of Cinematic Arts, University of Southern California, Berklee

School of Music തുടങ്ങിയ കലാപരമായ യൂണിവേഴ്സിറ്റികൾ ഇവിടെ തുടങ്ങുന്നതിനുള്ള പദ്ധതിയുണ്ടോ?

മി. സ്പീക്കർ: ഉത്തരം ടേബിൾ ചെയ്താലും മതി.

ശ്രീ. റോജി എം. ജോൺ: സർ, സർക്കാർ ആ ദിശയിൽ തന്നെയാണ് മുന്നോട്ട് പോകാൻ ഉദ്ദേശിക്കുന്നതെന്നുള്ളത് വ്യക്തമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബജറ്റിൽ പ്രഖ്യാപിച്ച കേരള നോളേജ് വാലി ഉൾപ്പെടെ കേരളത്തെയൊരു ഹയർ എഡ്യൂക്കേഷൻ ഹബ്ബാക്കി മാറ്റുകയെന്ന ലക്ഷ്യം യാഥാർത്ഥ്യമാക്കുന്നതിനുവേണ്ടി ആവിഷ്കരിച്ചിരിക്കുന്ന പദ്ധതികളാണ്. അതുപോലെ ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച വിഷയം ഉൾപ്പെടെ പരിശോധിച്ച് കേരളത്തിൽ വിദ്യാഭ്യാസരംഗത്ത് സമഗ്രമായ മാറ്റങ്ങൾ കൊണ്ടുവരാൻ കേരളം ആഗ്രഹിക്കുന്ന തരത്തിലുള്ള മാറ്റങ്ങൾ യാഥാർത്ഥ്യമാക്കാനുള്ള നടപടികളുമായി സർക്കാർ മുന്നോട്ടുപോകും.

മി.സ്പീക്കർ: ഓർഡർ... ഓർഡർ... ചോദ്യോത്തരവേള അവസാനിച്ചു.

(ചോദ്യോത്തരവേള കഴിഞ്ഞു.)